**അടിയന്തരപ്രമേയം**

കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ അവഗണനയും കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ഉൽപ്പാദന കുറവും കാരണം സംസ്ഥാനത്തെ കർഷക സമൂഹം അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കാലാവസ്ഥാ വ്യതിയാനവും കേന്ദ്രത്തിന്റെ തെറ്റായ കാർഷിക നയങ്ങളും കായികാദ്ധ്വാനത്തിനുള്ള വൈമനസ്യവും അണുകുടുംബങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനയും ഉയർന്ന ജനസാന്ദ്രതമൂലം കൃഷിഭൂമിയിലുണ്ടായ

കുറവും കേരളത്തിലെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ 2026 ലക്ഷ്യമാക്കി സമൂലമായ മാറ്റത്തിന് കാരണമാകുന്നതും വ്യവസ്ഥാപിതവുമായ പദ്ധതികളാണ് കാർഷിക മേഖലയ്ക്കായി കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവുമെല്ലാമൊരു യാഥാർത്ഥ്യമാണെന്ന വസ്തുത ഇന്ന് എല്ലാവരുടെയും മുമ്പിലുണ്ട്, എല്ലാവർക്കും ബോധ്യപ്പെടുന്ന കാര്യവുമാണ്. ഐ.പി.സി.സി.-യുടെ നിരവധിയായ മുന്നറിയിപ്പുകൾ നമ്മുടെ മുമ്പിലുണ്ട്. ചൂട് വർദ്ധിക്കുന്നത്, കാറ്റ്, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവയെല്ലാം കാർഷിക മേഖലയ്ക്കുണ്ടാക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. ചെറിയ സമയത്തിനുള്ളിൽ കൂടുതൽ വിളവ് ലഭ്യമാക്കുന്ന തരത്തിലേയ്ക്കുള്ള ഇനങ്ങൾ വികസിപ്പിക്കുക, അതിനെ ഗൗരവമായി കണക്കിലെടുത്തുകൊണ്ടാണ് കേരള കാർഷിക സർവ്വകലാശാല ഹ്രസ്വ, മണിരത്ന തുടങ്ങിയ നെല്ലിനങ്ങൾ വികസിപ്പിച്ചെടുത്തത്. കൃഷി വകുപ്പ് കോവിഡ് കാലയളവിൽ കൃഷിയുടെ ആവശ്യകതയും പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ പങ്കും മനസ്സിലാക്കി സുഭിക്ഷ കേരളം എന്ന പദ്ധതി

നടപ്പിലാക്കിയിരുന്നു. അതിന്റെ തുടർച്ചയായി ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി കാർഷിക മേഖലയിലെ ജനപങ്കാളിത്തം ഉയർത്തുവാനും കാർഷിക മേഖലയിൽ ജനകീയ കൂട്ടായ്മ കൃഷി കൂട്ടങ്ങളായി സൃഷ്ടിക്കാനും കഴിഞ്ഞു. അതിലൂടെ ഭക്ഷ്യ സുരക്ഷ, സുരക്ഷിത ഭക്ഷണം എന്നീ രണ്ട് ലക്ഷ്യങ്ങളാണ് യാഥാർത്ഥ്യമായി കൊണ്ടിരിക്കുന്നത്. ഉൽപ്പാദന, സേവന, വിപണന മേഖലകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്ന കൃഷിക്കൂട്ടങ്ങളുടെ എണ്ണം 21,547 ആയിരിക്കുകയാണ്. ഉൽപ്പാദന മേഖലയിൽ വിപണിയധിഷ്ഠിതമായ ഉൽപ്പാദനം സാധ്യമാക്കുവാനും ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭിക്കുവാനും ഈ ഇടപെടിലിലൂടെ സാധ്യമായിക്കൊണ്ടിരിക്കുന്നു. കൃഷികൂട്ടങ്ങളെ ഫലപ്രദമായി സംയോജിപ്പിച്ച് 2023-24-ൽ പതിനായിരം ഹെക്ടർ മൂല്യവർദ്ധിത കൃഷിയും ആയിരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമെന്ന ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2026 ആകുമ്പോഴേയ്ക്കും ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷിയും 3000 കോടി രൂപയുടെ വിറ്റുവരവും 3 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്ന വ്യക്തമായ കാഴ്ചപ്പാടോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

കാലാവസ്ഥാ പ്രശ്നങ്ങളിൽ അഭിമുഖീകരിക്കേണ്ടുന്ന പ്രശ്നങ്ങൾ ഉള്ളത് ഇൻഷ്വറൻസുമായിത്തന്നെ ബന്ധപ്പെട്ടുള്ളതാണ്. സംസ്ഥാനം മുഴുവൻ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് വ്യാപകമാക്കിയിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന 27 വിളകളെയും കാലാവസ്ഥ അധിഷ്ഠിത ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും കൂടുതൽ വെതർ സ്റ്റേഷനുകൾ ആകുകയും ചെയ്തിട്ടുണ്ട്. വിള അധിഷ്ഠിത കൃഷി രീതി പ്രോത്സാഹിപ്പിച്ചും എഫ്.പി.ഒ.-കൾ രൂപീകരിച്ച് ഉൽപ്പാദന വർദ്ധനയും വിപണിയും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനത്തെ സഹായിക്കുവാൻ മൂല്യവർദ്ധിത കാർഷിക മിഷൻ, കേരള അഗ്രോ ബിസിനസ് കമ്പനി എന്നിവയും യഥാർത്ഥ്യമായി കഴിഞ്ഞു. നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിർത്തുവാനുള്ള ശ്രമവും സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. നെല്ല്, പച്ചത്തേങ്ങ, വിവിധ ഇനം പച്ചക്കറികൾ, റബ്ബർ എന്നിവയ്ക്ക് സർക്കാർ താങ്ങുവിലയും കുറഞ്ഞ അടിസ്ഥാന വിലയും നിശ്ചയിച്ച് കർഷകരെ സഹായിക്കുന്നുണ്ട്. കൂടാതെ ഈ ഉൽപ്പന്നങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ച് വിപണി വില ഉറപ്പാക്കാനും സാധ്യമായിട്ടുണ്ട്. നെല്ല്, തേങ്ങ

പച്ചക്കറി എന്നിവയുടെ സംഭരണത്തിലും റബ്ബർ ഉൽപ്പാദന ഇൻസെന്റീവ് ലഭ്യമാക്കുന്നതിലും സർക്കാർ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ സർക്കാർ നടപടികൾ കൈക്കൊണ്ടു. തൽഫലമായി 2022-2023 സീസണിൽ 250373 കർഷകരിൽനിന്നും 731184 ടൺ നെല്ലാണ് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിച്ചത്. ഇതിന്റെ വിലയായ 2070.71 കോടി രൂപയിൽ 91.12 കോടി രൂപ മാത്രമാണ് വിതരണം ചെയ്യാനുള്ളത്. ഈ തുക വിതരണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. നെല്ല് സംഭരണം കാര്യക്ഷമമാക്കാനും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭ്യമാക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയും ഒരു വിദഗ്ദ്ധ സമിതിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ നടപടികൾ സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതാണ്. നാളീകേര കർഷകർ നേരിടുന്ന വില ഇടിവ് പരിഹരിക്കാനും സംസ്ഥാനത്ത് നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചു.

കേരഫെഡ് നേരിട്ടും കേരഫെഡിന്റെ വിവിധ സഹകരണ സംഘങ്ങൾ, എഫ്.പി.ഒ.-കൾ മറ്റ് ഏജൻസികൾ മുഖേനയും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേനയും കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 13-09-2023 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽനിന്നും 13454.75 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 13 കോടി രൂപ കർഷകർക്ക് ധനസഹായമായി നൽകിക്കഴിഞ്ഞു. പച്ചത്തേങ്ങയുടെ സംഭരണ വില 32 രൂപ ആയിരുന്നത് 2023 ഏപ്രിൽ 1 മുതൽ 34 രൂപയായി ഉയർത്തുകയുണ്ടായി. കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവിലയേക്കാൾ 4.70 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. പ്രൈസ് സപ്പോർട്ട് സ്കീം 2023 പദ്ധതിപ്രകാരം നാഫെഡ് മുഖേനയുള്ള കൊപ്രാ സംഭരണം ഫലപ്രദമാക്കാൻ വി.എഫ്.പി.സി.കെ., മാർക്കറ്റ് ഫെഡ് സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവരെ ചുമതലപ്പെടുത്തി സംഭരണം ആരംഭിച്ചിട്ടുണ്ട്. ഇത് പച്ചത്തേങ്ങയുടെ വിപണി വില

ഉയർത്താൻ സഹായകരമാകുന്നതാണ്. സംസ്ഥാന സർക്കാർ 2015-2016 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോ ഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. അഞ്ച് ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എട്ട് ഘട്ടങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. 01-07-2023 മുതൽ 30-06-2024 വരെയുള്ള ഒൻപതാം ഘട്ടം ആരംഭിച്ചുകഴിഞ്ഞു. 2023-2024 വർഷത്തിൽ 600 കോടിരൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 1914.15 കോടിരൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി സർക്കാർ ഇതുവരെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിനായി വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി 2023 ജൂലൈ 31 വരെ കർഷകരിൽനിന്നും

ഹോർട്ടികോർപ്പ് വഴി സംഭരിച്ച പച്ചക്കറികളുടെ മുഴുവൻ വിലയും പൂർണ്ണമായും നൽകാൻ സാധ്യമായിട്ടുണ്ട്. ആഗസ്റ്റ് മാസം ശേഖരിച്ച പച്ചക്കറികളുടെ തുക നൽകാനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര നയങ്ങളും കാലാവസ്ഥ വ്യതിയാനവും വന്യമൃഗ ശല്യവും കാർഷിക മേഖലയ്ക്ക് വലിയ ഭീക്ഷണി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, തേയില തുടങ്ങിയവയുടെ വില കേന്ദ്ര നയങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ കഴിഞ്ഞ ജൂലൈ മാസം കേന്ദ്ര കൃഷി വകുപ്പുമന്ത്രി, വാണിജ്യ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരെ നേരിൽക്കണ്ട് കേരളത്തിന്റെ ആശങ്ക അറിയിക്കുകയും ഇടപെടൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റബ്ബറിന്റെ ഉൽപ്പാദന സഹായ വില 250 രൂപയാക്കി നൽകാനുതകുമാറ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. പുതിയ റബ്ബർ നയത്തിലെ ആശങ്കകളും കേന്ദ്ര സർക്കാരിനെ അറിയിക്കുകയുണ്ടായി. കേരളത്തിന്റെ കാർഷിക മേഖലയെ ഉണർത്താനും കർഷകരുടെ വരുമാനം 2026-ഓടെ ഇരട്ടിയാക്കാനുമുള്ള ശ്രമത്തിലാണ് സംസ്ഥാന സർക്കാർ.

ഇതിനായുള്ള പ്രയത്നത്തിൽ സർക്കാർ ഏർപ്പെട്ടിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, കാർഷിക മേഖല കടുത്ത പ്രതിസന്ധി നേരിടുന്നുവെന്ന് മന്ത്രി തന്നെ സമ്മതിക്കുന്ന കാര്യമാണ്. ഈ പ്രതിസന്ധി വർഷങ്ങളായി തുടരുകയാണ്. വില തകർച്ച, കൃഷിക്ക് അധിക ചെലവ്, കാലാവസ്ഥ വ്യതിയാനം, പ്രകൃതിക്ഷോഭംമൂലമുള്ള കെടുതികൾ, രോഗങ്ങൾ, വന്യജീവി ശല്യം എന്നിവയെല്ലാം കാർഷിക മേഖല നേരിടുന്ന നിരവധിയായ പ്രശ്നങ്ങളാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നില്ല. ഇടുക്കി, വയനാട്, കുട്ടനാട് കാർഷിക പാക്കേജുകൾ കടലാസ്സിൽ മാത്രമായി ഒതുങ്ങുകയാണ്. ഈ പ്രദേശങ്ങളിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 7000 കോടി രൂപ വയനാട് പാക്കേജിനുവേണ്ടി മാറ്റിവയ്ക്കുന്നുവെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചത്; എന്ത് പദ്ധതിയാണ് നടപ്പിലാക്കിയതെന്നും വിശദീകരിക്കാൻ സർക്കാർ തയ്യാറാകുമോ; നാണ്യവിളകളായ ഏലം, കുരുമുളക്, തേയില, കാപ്പി, എന്നിവയുടെ ഉൽപാദനം മുൻ വർഷങ്ങളെ

അപേക്ഷിച്ച് നാലിൽ ഒന്നായി കുറഞ്ഞിരിക്കുന്നു. അഞ്ച് വർഷം കൊണ്ട് ഇടുക്കി പാക്കേജിൽ 12000 കോടിരൂപ ചെലവഴിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. എന്ത് നടപടികളാണ് ഇടുക്കിയിലെയും വയനാട്ടിലെയും കുട്ടനാട്ടിലെയും കൃഷിക്കാരെ രക്ഷിക്കാൻ സ്വീകരിച്ചതെന്ന് സർക്കാരിന് പറയാൻ സാധിക്കില്ല. ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. റബ്ബർ കർഷകരുടെ കാര്യത്തിൽ മന്ത്രി ഇപ്പോൾ പറഞ്ഞ കാര്യങ്ങളൊന്നും സത്യസന്ധമല്ല. റബ്ബർ കർഷകരെ വഞ്ചിച്ച സർക്കാരാണ് പിണറായി സർക്കാർ എന്നതാണ് യാഥാർത്ഥ്യം. റബ്ബർ കർഷകരോട് കേരള സർക്കാർ കാണിച്ച കൊടിയ വഞ്ചനയ്ക്ക് പുതുപ്പള്ളിയിലെ റബ്ബർ കർഷകർ മറുപടി നൽകി. സർക്കാർ തെരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞതെന്താണ്? റബ്ബറിന്റെ വില സ്ഥിരതാ ഫണ്ട്, മിനിമം സപ്പോർട്ട് പ്രൈസ് 250 രൂപയായി വർദ്ധിപ്പിക്കുമെന്നാണ് പറഞ്ഞത്. ആ വർദ്ധന നടപ്പിലാക്കിയിട്ടുണ്ടോ? 170 രൂപ മാത്രമായിട്ട് വർദ്ധിപ്പിച്ചു. കണ്ണൂർ ജില്ലയിലെ ആലക്കോട് ഇന്നലെ റബ്ബറിന്റെ വില 145 രൂപയാണ്. അപ്പോൾ എത്ര രൂപയാണ് സർക്കാർ നൽകേണ്ടിവരുന്നത്. സത്യത്തിൽ റബ്ബർ വില സ്ഥിരതാ ഫണ്ടിൽ സർക്കാർ സ്വീകരിച്ച നടപടി ഇതാണ്, 12-ാം

തീയതിയിലെ ദീപിക പത്രത്തിൽ വന്ന വാർത്തയാണ്, 'റബ്ബർ വില സ്ഥിരതാ പദ്ധതി സർക്കാർ വെട്ടിനിരത്തി; ഒമ്പതുലക്ഷം ചെറുകിട കർഷകർക്ക് ഇനി കേന്ദ്രത്തിന്റെയും കേരളത്തിന്റെയും സമാശ്വാസം പ്രതീക്ഷിക്കേണ്ടതില്ല; സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തിയെങ്കിലും സാമ്പത്തിക പ്രതിസന്ധിയെ പഴിപറഞ്ഞ് റബ്ബർ വില സ്ഥിരതാ പദ്ധതി ഇക്കൊല്ലം സബ്സിഡി അനുവദിക്കേണ്ടെന്നാണ് തീരുമാനം; സാമ്പത്തിക വർഷം പകുതിയായിട്ടും സബ്സിഡിക്കുള്ള അപേക്ഷ അപ്ലോഡ് ചെയ്യാനുള്ള ഓൺലൈൻ പോർട്ടൽ തുറന്നിട്ടില്ല. ഒമ്പതാംഘട്ടത്തിൽ അപേക്ഷ അപ്ലോഡ് ചെയ്യാൻ സാധിക്കുന്നില്ല'. ഇതാണ് അവസ്ഥ. റബ്ബർ കർഷകരെ ചതിച്ച് സൈറ്റ് ബ്ലോക്ക്. അപ്ലോഡ് ചെയ്യണമെങ്കിൽ സൈറ്റ് ഓപ്പണായി കിട്ടണ്ടേ? ജൂലൈ ഒന്നുമുതലാണ് ഒൻപതാംഘട്ടം തുടങ്ങേണ്ടത്. എന്നാലിതുവരെ സൈറ്റ് തുറന്നിട്ടില്ല. സൈറ്റ് തുറക്കാൻ വേണ്ടി സംസ്ഥാന സർക്കാരിന് റബ്ബർ ബോർഡ് കത്ത് നൽകിയെങ്കിലും ഒമ്പതാംഘട്ടം തുറക്കാൻ അനുമതി ലഭിച്ചിട്ടില്ല. ഗവൺമെന്റ് അല്ലെങ്കിൽ രാഷ്ട്രീയ നേതൃത്വം പ്രഖ്യാപിച്ച, 250 കോടി രൂപ. എത്ര പണം ചെലവഴിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. 500 കോടി രൂപ മാറ്റി

വച്ചുവെന്ന്. ഇരിക്കൂർ എം.എൽ.എ. ആയ ശ്രീ. സജീവ് ജോസഫ് 02-03-2023-ൽ ചോദിച്ച 3452-ാം നമ്പർ ചോദ്യത്തിന്റെ മറുപടി, '2021-22-ൽ ചെലവഴിച്ച സംഖ്യ 20.97 കോടി രൂപ' എന്നാണ്. അഞ്ഞൂറ് കോടി രൂപ മാറ്റിവയ്ക്കുന്നു. 250 ആയി പ്രഖ്യാപിക്കുമെന്ന് തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറയുന്നു. ചെലവഴിച്ച സംഖ്യ 20.97 കോടി രൂപ. 2022-23-ൽ ബഹുമാനപ്പെട്ട മന്ത്രി 500 കോടി രൂപ മാറ്റിവച്ചുവെന്ന് പറഞ്ഞു. എത്രസംഖ്യ കൃഷിക്കാർക്ക് കൊടുത്തു? ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ കൊടുക്കാതെ മാറ്റി വച്ച എന്നതാണ് ശരി. 2022-23-ൽ 33.19 ലക്ഷം രൂപ മാത്രമാണ് കൊടുത്തത്. എത്ര സംഖ്യയാണ് ലാഭിച്ചിട്ടുള്ളത്. 468 കോടി രൂപയും, ഇക്കാര്യത്തിൽ മാറ്റിവച്ച സംഖ്യ കൃഷിക്കാർക്ക് നൽകാതെ സർക്കാർ കൃഷിക്കാരെ വഞ്ചിക്കുകയാണ് ചെയ്തിട്ടുള്ളത്. റബ്ബറിന്റെ വില കുറച്ചൊക്കെ വർദ്ധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരുവർഷം ചെലവഴിക്കേണ്ടി വരുന്നത് 30 കോടി രൂപയ്ക്ക് താഴെയാണ് എന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട്, നിങ്ങൾ പ്രഖ്യാപിച്ച, ജനങ്ങൾക്ക് ഉറപ്പുനൽകിയ 250 രൂപയായി റബ്ബർ വില വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ? ബഹുമാനപ്പെട്ട കൃഷി

വകുപ്പുമന്ത്രി മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം ശ്രദ്ധിച്ച് ഈ സഭയിൽ വ്യക്തമായൊരു ഉറപ്പ് നൽകുമോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റബ്ബർ കർഷകരുടെ മാത്രം കാര്യമല്ല, നെല്ലിന്റെ കാര്യമെന്താണ്? നെൽകർഷകർ ഇപ്പോൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. നെൽകർഷകരിൽനിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന് വില കിട്ടാൻ കാത്തിരുന്ന് മടുത്ത് അവസാനം അവർ കേരള ഹൈക്കോടതിയെ സമീപിച്ചു. ആഗസ്റ്റ് 24-നുള്ളിൽ സംഭരിച്ച നെല്ലിന്റെ വില കൊടുക്കാൻ ഹൈക്കോടതി പറഞ്ഞു. ഹൈക്കോടതി ഉത്തരവുണ്ടായിട്ടും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. 'സംഭരിച്ച നെല്ലിന്റെ വില നൽകിയില്ല. സ്വരം കടുപ്പിച്ച് ഹൈക്കോടതി.' സെപ്റ്റംബർ 25-നകം തുക നൽകിയില്ലെങ്കിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സപ്ലൈകോ എം.ഡി.-യും നേരിട്ട് ഹൈക്കോടതിയിൽ ഹാജരാകണമെന്ന് കോടതി ഉത്തരവിട്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിലെ നെൽകർഷകന്റെ അവസ്ഥയാണ്. അവർ പണിപ്പെട്ട് ഉത്പാദിപ്പിച്ച നെല്ല് സർക്കാരിന് നൽകിയിട്ട് അതിന്റെ പണത്തിനുവേണ്ടി കാത്തിരുന്നു. ലഭിക്കാത്തതിനാൽ കോടതിയിൽപ്പോയി ഉത്തരവ് സമ്പാദിച്ചു. ആ ഉത്തരവുപോലും

നടപ്പിലാക്കാത്തതുകൊണ്ട് കോടതിയലക്ഷ്യത്തിലേയ്ക്ക് വരെ കാര്യങ്ങളിലെത്തിയിരിക്കുകയാണ്. അതുപോലെ എത്ര നെല്ല് സംഭരിച്ചുവെന്നും അതിനെത്ര പണം കൊടുത്തുവെന്നും ഞാൻ കഴിഞ്ഞദിവസം, 13-09-2023-ൽ ഒരു ചോദ്യം ചോദിച്ചു. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി, 'നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ 54339 കർഷകർക്കായി 433 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു; കുടിശ്ശിക നൽകുന്നതിനായി സർക്കാർ അനുവദിച്ച 150 കോടി രൂപയിൽ 71.29 കോടി രൂപ ഉപയോഗിച്ച് 50,000/- രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ കുടിശ്ശിക കൊടുത്തുതീർത്തു' എന്ന്. അപ്പോൾ എത്ര സംഖ്യയാണ്? 433 കോടി രൂപ കൊടുക്കാനുണ്ട്, അതിൽ 150 കോടി രൂപയാണ് അനുവദിച്ചത്. അതിൽത്തന്നെ ചെലവഴിച്ചത് 71 കോടി രൂപയാണ്. അതിൽത്തന്നെ 50,000/-രൂപയിൽ താഴെ കൊടുക്കാനുള്ള കൃഷിക്കാർക്കാണ് കൊടുക്കാൻ ബാക്കിയുള്ളത്. ഇക്കാര്യമാണ് പ്രശസ്ത സിനിമാതാരം ശ്രീ. ജയസൂര്യ ഇവിടിരിക്കുന്ന രണ്ട് മന്ത്രിമാരുടെ മുഖത്തുനോക്കി അറിയാതെ പറഞ്ഞുപോയത്. എന്താണദ്ദേഹം കൃഷി

മന്ത്രിയോട് പറഞ്ഞത്, അങ്ങ് ഈ കസേരയിലിരിക്കുമ്പോൾ, അധികാര സ്ഥാനത്തിരിക്കുമ്പോൾ അങ്ങേയ്ക്ക് കർഷകരുടെ ദുരിതങ്ങളെക്കുറിച്ച് അറിയാൻ, മനസ്സിലാക്കാൻ കഴിയാതെ വരും. അതുകൊണ്ട് ഇതാണ് അവസ്ഥ. നെൽകർഷകരുടെ ദുരിതമാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. മന്ത്രി പ്രസംഗത്തിൽ പറഞ്ഞിരുന്നു, യുവാക്കൾ കൃഷിയിലേയ്ക്ക് വരുന്നില്ലെന്ന്. അതിന് കാരണം അദ്ദേഹം പറഞ്ഞു. എന്താണ് യുവാക്കൾ കൃഷിയിലേയ്ക്ക് വരാത്തത്, കർഷകരായ തങ്ങളുടെ മാതാപിതാക്കൾ തിരുവോണദിവസം പട്ടിണിസമരം നടത്തേണ്ട ഒരു സാഹചര്യത്തിലേയ്ക്ക് കേരളത്തിലെ കർഷകരെ എത്തിച്ചതിന് പരിഹാരമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ശ്രീ. ജയസൂര്യ പറഞ്ഞപ്പോൾ അത് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹത്തിനുമേൽ കുതിര കയറാൻ സൈബർ സഖാക്കളെ വിടുന്ന ഒരു ചിത്രമല്ലേ നമ്മൾ കണ്ടത്. ശ്രീ. ജയസൂര്യയ്ക്കുപോലും കേരളത്തിലെ കൃഷിക്കാരുടെ കണ്ണുനീർ കാണാൻ സാധിച്ചുവെങ്കിൽ കേരളത്തിലെ സർക്കാരിന് കഴിയേണ്ടതല്ലേ? കഴിയുന്നില്ല എന്നതാണ്. കേര കർഷകരുടെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു പച്ചത്തേങ്ങ

സംഭരിക്കുന്നുവെന്ന്. പച്ചത്തേങ്ങാ സംഭരണവും പാളിയിരിക്കുകയാണെന്ന് നമുക്കറിയാം. ഇതാണ് അതിന്റെ പത്രവാർത്ത, 'പച്ചത്തേങ്ങാ സംഭരണത്തിന് പണം കിട്ടുന്നില്ല; കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങണം' അതാണ് ആവശ്യം. അതുപോലെതന്നെ കശുവണ്ടി, ഞാനും ശ്രീ. സജീവ് ജോസഫും ആ മേഖലയിൽനിന്നാണ് വരുന്നത്. ഇരിക്കൂറിലോ പേരാവൂരിലോ ഒരു സ്ഥലത്തും കശുവണ്ടി സംഭരണത്തിനുള്ള ഡിപ്പോ തുടങ്ങിയിട്ടില്ല. കടബാധ്യതയാണ് വിഷയം. സർക്കാർ കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയാണ്. കടാശ്വാസ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചാൽതന്നെ അതിൽ സർക്കാരിന്റെ വിഹിതം ഒരു വർഷം കഴിഞ്ഞാലും അടയ്ക്കുന്നില്ല. ഉത്തരവ് പുറപ്പെടുവിച്ചാൽ ഉത്തരവിന്റെ കോപ്പി ബന്ധപ്പെട്ട ബാങ്കുകളിൽ കിട്ടണമെങ്കിൽ ഒരു വർഷം കഴിയും. കാരണം കടാശ്വാസ കമ്മീഷനിൽ ജീവനക്കാരായി ആകെ നാലുപേർ മാത്രമേയുള്ളൂ. ഒരു വർഷം കഴിഞ്ഞ് ഉത്തരവ് കിട്ടിയശേഷം കർഷകർ അടയ്ക്കേണ്ട തുക ബാങ്കിൽ അടച്ചാൽ ബാക്കി തുക സർക്കാരിന്റെ സസ്പെൻസ് ലയബിലിറ്റിയിൽ കാണിച്ച് രേഖകൾ മടക്കിക്കൊടുക്കും. എന്നാൽ ബാങ്കുകൾക്ക് ഒന്നിലേറെ വർഷമായിട്ടും സംഖ്യ കിട്ടുന്നില്ലെന്നതാണ്

അവസ്ഥ. അതുപോലെതന്നെ 31-03-2016 വരെ സ്വീകരിച്ച അപേക്ഷകൾ കെട്ടിയിട്ടിരിക്കുകയാണ്. അതിന്റെ പേരിൽ നടപടിയില്ല. വിള ഇൻഷ്വറൻസ് പദ്ധതിയിൽ പണം അടച്ച് അംഗത്വം നേടിയ കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം കിട്ടുന്നില്ല. വന്യമൃഗ അക്രമം കാരണം കൃഷി നാശം സംഭവിച്ചവർക്ക് 2021 മുതൽ കൊടുക്കാനുള്ള പൈസ കുടിശ്ശിക ആയി നിൽക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ഇങ്ങനെയുള്ള പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷി നാശം സംഭവിച്ച ആളുകൾക്കും ഗവൺമെന്റ് കൊടുക്കേണ്ട നഷ്ടപരിഹാരം കൊടുക്കുന്നില്ല. കർഷക പെൻഷൻ കൃത്യമായി നൽകുന്നില്ല. 2021-നുശേഷം പുതിയ അപേക്ഷകൾ, 6000 പേർ കാർഷിക പെൻഷന് അപേക്ഷ നൽകി. പണം നൽകാൻ കഴിയാത്തതുകൊണ്ട് അപേക്ഷകൾക്ക് തീർപ്പ് കൽപ്പിക്കാതെ കെട്ടിവച്ചിരിക്കുകയാണ്. വിപണിയിൽ ഇടപെടുന്നില്ല. ഹോർട്ടികോർപ്പ് പോലുള്ള സ്ഥാപനങ്ങൾ കാർഷിക ഉല്പന്നങ്ങൾ വാങ്ങി വിൽക്കുന്നതിനായി വിപണി ഇടപെടൽ വേണ്ടത്ര ഉണ്ടാകുന്നില്ല. പഴം, പച്ചക്കറി മേഖലയിൽ വിപണി ഇടപെടൽ ഉണ്ടാകുന്നില്ല. കൃഷി വകുപ്പിൽ വേണ്ടത്ര ഉദ്യോഗസ്ഥരില്ല. പല സ്ഥലത്തും

ഒഴിവുകളാണ്. ഏതെങ്കിലും തരത്തിൽ കാർഷികേതര വരുമാനമില്ലാത്ത കുടുംബങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യം കേരളത്തിലുണ്ടായിരിക്കുന്നു. കടബാധ്യതയിൽ കർഷകർ വളരെയേറെ പ്രയാസത്തിലാണ്, വറുതിയിലാണ്. ബാങ്കുകളിൽനിന്ന് ജപ്തി നോട്ടീസ് കിട്ടാത്ത കൃഷിക്കാരുടെ വീടുകളില്ല. പ്രതിസന്ധികൾ പരിഹരിക്കാൻ കാർഷിക പാക്കേജ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധവേണം. ഏറെ ഗൗരവമേറിയ ഈ വിഷയം സഭാ നടപടി നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>):സർ, ബഹുമാനപ്പെട്ട അംഗം നമ്മുടെ കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വസ്തുതകളെ ഒരുപാട് മറച്ചുവച്ചുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. അത് അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടാണെന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. അദ്ദേഹം പറഞ്ഞു, ഇവിടെ ഒരുപാട് കാര്യങ്ങൾ പറയുന്നുവെന്ന് ആ പറയുന്ന കാര്യങ്ങളൊന്നും നടന്നിട്ടില്ല, രാഷ്ട്രീയത്തിന്റെ അടസ്ഥാനത്തിൽ മാത്രമാണ് അദ്ദേഹം അതെല്ലാം പറയുന്നത്. അദ്ദേഹം റബ്ബർ കർഷകരുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. റബ്ബർ

കർഷകരെ സർക്കാർ വഞ്ചിച്ചുവെന്നാണ് പറഞ്ഞത്. കേരളത്തിലെ റബ്ബർ കർഷകരുടെ കാര്യത്തിൽ ഒരു പൈസയുടെപോലും കേന്ദ്ര ഗവൺമെന്റ് സഹായമില്ലാതെ 1914.15 കോടി രൂപ നൽകാൻ കേരള സർക്കാരിന് സാധിച്ചു. അത് ഒരു ചെറിയ കാര്യമല്ല. അത് മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന ഒരു പരിപാടിയാണ്. ഞങ്ങൾ അത് നിഷേധിക്കുന്നുമില്ല. ഈ പണത്തിന്റെ സിംഹഭാഗവും നൽകിയത് ഈ രണ്ട് എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്താണെന്നത് വിസ്മരിക്കാൻ പാടില്ലാത്ത കാര്യമാണ്. ശ്രീ. സണ്ണി ജോസഫ് ഇവിടെ ചോദിച്ച റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്ന് ഭരണപക്ഷം പറഞ്ഞുവെന്ന്, അത് നടപ്പിലാക്കുമോയെന്ന്. അങ്ങ് ഞങ്ങളുടെ പ്രകടന പത്രിക ശരിക്കും കാണാത്തതുകൊണ്ടാണ് ഇങ്ങനെ ചോദിച്ചത്. റബ്ബറിന്റെ താങ്ങുവില 250 രൂപ ആക്കണമെന്ന് അഭിപ്രായപ്പെടുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി 250 രൂപയാക്കണമെന്നാണ്. സംസ്ഥാന ഗവൺമെന്റ് 170 രൂപ ആക്കിയിട്ട് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ചോദിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം നൽകണമെന്ന് പറയുകയാണ്. അതിനെക്കുറിച്ച് ഒരക്ഷരം പോലും

ബഹുമാന്യനായ അംഗം പറയുന്നില്ല എന്നുപറയുന്നിടത്താണ് ഏറ്റവും വലിയ പ്രശ്നം നിൽക്കുന്നത്. അത് ഒരു ചെറിയ കാര്യമായി കണക്കാക്കേണ്ടത് അല്ല. അദ്ദേഹം പത്രങ്ങളെല്ലാം എടുത്തിട്ടുപറഞ്ഞു, എല്ലാവരെയും വെട്ടിനിരത്തി, റബ്ബർ കർഷകരെ വെട്ടിനിരത്തി എന്നൊക്കെ പറഞ്ഞു. 600 കോടി രൂപ അനുവദിച്ചു. എല്ലാക്കാലവും അങ്ങനെയാണ്. നമ്മൾ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവിനുവേണ്ടി നീക്കി വയ്ക്കുന്ന അത്രയും തുക വേണ്ടിവരുന്നില്ലെന്നുമാത്രമാണത്. 170 രൂപ നിശ്ചയിച്ചിട്ട് അതിനാവശ്യമായ തുക ഇപ്പോൾ ആവശ്യമുള്ളതിനനുസരിച്ച് നൽകുന്നുണ്ട്. ഒരു തരത്തിലുമത് തടഞ്ഞുവയ്ക്കുകയില്ല. റബ്ബർ ബോർഡിന്റെ സർട്ടിഫിക്കേഷനോടുകൂടി വരുന്ന അപേക്ഷകൾക്ക് അനുസരിച്ച് പണം നൽകുന്ന സംവിധാനം ധനകാര്യ വകുപ്പ് കുറ്റമറ്റ രീതിയിൽത്തന്നെ നടപ്പിലാക്കുന്നുണ്ട്. അക്കാര്യത്തിൽ ഒരു പ്രശ്നവുമുണ്ടാകുകയില്ല എന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. ഇതെല്ലാം കേട്ടപ്പോൾ എനിക്ക് അത്ഭുതകരമായി തോന്നിയ ഒരു പ്രധാനപ്പെട്ട കാര്യം ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ റബ്ബർ കർഷകർക്ക് നഷ്ടമൊക്കെ ഉണ്ടാകുന്നതിന്റെ സുപ്രധാന കാര്യമായി ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട ഒരു കാര്യമുണ്ട്. അത്

മിണ്ടാതെയും പറയാതെയും പോകുന്നത് ശരിയല്ല. കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ 2022-ൽ അഞ്ച് പ്രമുഖ ടയർ കമ്പനികൾക്കും ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷനുമായി 1,788 കോടി രൂപയുടെ പെനാൽറ്റി ചുമത്തി. ശ്രീ. സണ്ണി ജോസഫ് ഇത് പറയുന്ന അവസരത്തിൽ അതെക്കുറിച്ച് ഒരു വാചകം പറയുമെന്ന് ഞാൻ വിചാരിച്ചു. ടയറിന്റെ ഉൽപ്പാദനം കുറച്ച് വിപണിയിലെ റബ്ബറിന്റെ വില കുറയ്ക്കാൻ ബോധപൂർവ്വമായി ഇടപെടുകയും ടയറിന്റെ ഉൽപ്പാദനം കുറയ്ക്കുകയും ടയറിന്റെ വില കൂട്ടുകയും ചെയ്തിട്ടാണ് പെനാൽറ്റി നിശ്ചയിക്കുന്ന നിലയിലേയ്ക്ക് എത്തിയത്. ആ കമ്പനികളുടെ പേര് വായിക്കാം. അതിന്റെ അസ്വസ്ഥത ഒരുപാടുണ്ടായി. ആദരണീയനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഇത് ഒരു തെരഞ്ഞെടുപ്പ് പ്രചരണ യോഗത്തിൽ ചോദിച്ചതിന്റെ അടുത്ത ദിവസം മുതൽ ഒരുപാടുപേർക്ക് പൊള്ളുന്നതുകണ്ടു. പക്ഷെ ആ പൊള്ളിയതിന്റെ പ്രതിഫലനങ്ങൾ ചില മാധ്യമങ്ങളിൽ പ്രകടമാകുന്നുണ്ടെങ്കിലും ഈ കാര്യത്തിൽ സംസാരിക്കേണ്ടവരെല്ലാം മൗനം പാലിക്കുകയാണ്. ഓരോ കമ്പനികളും അടയ്ക്കാനുള്ള പെനാൽറ്റി എം.ആർ.എഫ്. 622 കോടി രൂപ, അപ്പോളോ 425 കോടി രൂപ, സിയറ്റ്

252 കോടി രൂപ, ജെ.കെ. ടയേഴ്സ് 350 കോടി രൂപ, ബിർള ടയേഴ്സ് 179 കോടി രൂപ, ATMA (Automotive Tyre Manufacturers' Association) 8.4 ലക്ഷം രൂപ എന്നിങ്ങനെയാണ്. ഈ തുക നമ്മുടെ നാട്ടിലെ കർഷകർക്ക് ലഭിക്കേണ്ടതായിരുന്നുവെന്നാണ് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ കണ്ടെത്തിയിരിക്കുന്നത്. ഇത്രയും സഹായം കേരളത്തിലെ കർഷകർക്ക് ലഭ്യമാകേണ്ടതിനെക്കുറിച്ച് എന്താണ് അങ്ങ് ഒരു വരിപോലും സംസാരിക്കാതിരുന്നത്. ആദരണീയനായ പ്രതിപക്ഷ നേതാവ്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അത് സൂചിപ്പിക്കുമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. എന്തുകൊണ്ടാണ് അത് പറയാതെപോകുന്നത്. കേരളത്തിലെ കർഷകർക്ക് ലഭ്യമാകേണ്ട തുക ഇത്തരത്തിൽ ഒരു തട്ടിപ്പ് നടത്തി കേരളത്തിലെ റബ്ബർ കർഷകർക്ക് ലഭ്യമാകാതിരിക്കുന്നതിലെ ഗൗരവതരമായ കാര്യം നമ്മൾ കാണേണ്ടതാണ്. ഇപ്പോൾ സി.സി.ഐ. തന്നെ ഇക്കാര്യത്തിൽ ശിക്ഷ ലഭിച്ച കമ്പനികൾ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണലിന് അപ്പീൽ നൽകി. അതിന്റെ അടിസ്ഥാനത്തിൽ കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ തന്നെ ഇപ്പോൾ സുപ്രീംകോടതിയെ സമീപിക്കുന്ന തരത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ ഒരു യാഥാർത്ഥ്യം

നമ്മുടെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന്റെ യാഥാർത്ഥ്യം ആയിരിക്കെ എന്തുകൊണ്ടാണ് ഇത്തരം കാര്യങ്ങളെയെല്ലാം നമ്മൾ മറച്ചുവയ്ക്കുന്നത്. റബ്ബർ കർഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിന്റെ സാങ്കേതിക പ്രശ്നമുണ്ട്. ആ സാങ്കേതിക പ്രശ്നം പരിഹരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സൈറ്റ് ഓപ്പണാകുന്നില്ലെന്ന് പറയുന്നത് കേവലമായ സാങ്കേതിക പ്രശ്നം മാത്രമാണ്. അത് പറയാതെപോയെന്ന് വിചാരിക്കരുത്. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന കാര്യം കൂടി അറിയിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം നെല്ലിന്റെ കാര്യവുമായി ബന്ധപ്പെട്ടതാണ്. നെല്ലിന്റെ സംഭരണം ആകെ പ്രശ്നത്തിലാണെന്ന് പറഞ്ഞ് കേരള ഹൈക്കോടതി ഇടപെട്ടുവെന്നാണ്. നെല്ല് സംഭരണത്തിന്റെ പ്രശ്നമെന്താണ്. യഥാസമയത്ത് കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോ പണം ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ടാകുന്ന അവസരത്തിൽ ആ പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ് ബാങ്കുകളുമായി ചേർന്ന് പി.ആർ.എസ്. സംവിധാനം കേരളത്തിൽ നടപ്പിലാക്കിയത്. ആ പി.ആർ.എസ്. സംവിധാനം നടപ്പിലാക്കിയപ്പോൾ ചിലരെല്ലാം ഒരുപാട് കഥകൾ  ഇറക്കിയിരിക്കുകയാണ്. ആ കഥകളിലൊന്നാണ് ഇവിടെ പറഞ്ഞ

ആദരണീയനായ സിനിമ നടനും വന്ന് ഇറക്കിയ കഥ. പി.ആർ.എസ്. എന്നൊരു സംവിധാനം ഉള്ളപ്പോൾ പാഡി റെസീപ്റ്റ് ഷീറ്റ് ബാങ്കുകളിൽ നൽകി അതിനനുസരിച്ച് പണം വാങ്ങുമ്പോൾ ഓരോ കർഷകന്റെയും പേരിലാണ് ഈ പി.ആർ.എസ്. എഴുതുന്നത്. അത് ഒരു ലോണായി പരിഗണിക്കുന്നു. അങ്ങനെയാകുമ്പോൾ ആ ലോണിന്റെ ബുദ്ധിമുട്ട് കർഷകർക്കല്ലേ? ആ ലോണിന്റെ പലിശ സഹിതം അടയ്ക്കുന്നത് സംസ്ഥാന സർക്കാരാണ്. ഒരു പൈസ പോലും കർഷകനെ ലോണിന്റെ പലിശയുടെ പേരിൽ പ്രശ്നമാകുന്നില്ല. ഇവിടെ പ്രചരണം എന്തായിരുന്നു. പല മാധ്യമങ്ങൾ അടക്കമുള്ളവർ, രാഷ്ട്രീയ നേതാക്കന്മാർ ഇടതുപക്ഷ ഗവൺമെന്റിനെ വിമർശിക്കാൻവേണ്ടിത്തന്നെ വലിയ വായിൽ പറഞ്ഞത്. കർഷകനെ പലിശ അടയ്ക്കേണ്ടിവരുന്നുവെന്നാണ്. കേരളത്തിലെ ഏതെങ്കിലുമൊരു കർഷകന് ഇത്തരത്തിൽ നല്ല് സംഭരിച്ചതിന്റെ പി.ആർ.എസ്. ലഭിച്ചതിന്റെ പേരിൽ പലിശ അടയ്ക്കേണ്ടി വന്നിട്ടുണ്ടോ? പി.ആർ.എസ്.-ന്റെ പേരിൽ ഇല്ലാത്ത കഥകൾ മെനഞ്ഞുണ്ടാക്കുകയായിരുന്നു. പി.ആർ.എസ്. എടുത്തപ്പോൾ കർഷകന്റെ സിബിൽ സ്കോറിൽ പ്രശ്നമുണ്ടായപ്പോഴാണ് സിവിൽ സപ്ലൈസ്

കോർപ്പറേഷൻ 2,500 കോടി രൂപ നേരിട്ട് ലോണെടുത്ത് കർഷകർക്ക് നൽകിയത്. അതിനകത്ത് ചില ബാങ്കുകൾ ചില പ്രശ്നമുണ്ടാക്കുകയായിരുന്നു. ഈ കാര്യം അവർ സംസാരിക്കുന്നില്ല. എസ്.ബി.ഐ. കാണിച്ച ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കുകയും ഈ കർഷകർക്ക് സഹായമാകാൻ പോകുന്ന നിലപാടിനെ അട്ടിമറിക്കാൻ അവർ നോക്കുകയും ചെയ്തു. ബാങ്കുകൾ കൺസോർഷ്യത്തിലേയ്ക്ക് വീണ്ടും വന്നു. ആ കൺസോർഷ്യത്തിൽ വന്നപ്പോൾ കേരളത്തിലെ ചില ബാങ്കുകൾ ഒരു ദിവസം അഞ്ച് പി.ആർ.എസ്.-ന്റെ മാത്രം തുകയെ മാറി നൽകുകയുള്ളൂവെന്ന് പറഞ്ഞു. ആരും പ്രതിഷേധിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച പരിശ്രമത്തെപ്പോലും ബോധപൂർവ്വം അട്ടിമറിക്കാനുള്ള സമീപനം ഉണ്ടാകുകയായിരുന്നു. പി.ആർ.എസ്.-ൽ പണം ലഭ്യമാകുന്നതിൽ ബാങ്കുകൾ താമസം വരുത്തുന്നത് കണ്ടപ്പോഴാണ് സർക്കാർ ഇടപെട്ടത്. 40 ശതമാനം എസ്.ബി.ഐ., 40 ശതമാനം കാനറാ ബാങ്ക്, 20 ശതമാനം ഫെഡറൽ ബാങ്ക് എന്ന രീതിയിലായിരുന്നു. പണം അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ വളരെ വലിയ താമസം വരുത്തിയപ്പോഴാണ്

ഓണക്കാലത്തിന്റ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളുമുള്ള അവസരത്തിൽത്തന്നെ 150 കോടി രൂപ അതിനുവേണ്ടി വിനിയോഗിച്ചു. അങ്ങ് യാഥാർത്ഥ്യങ്ങളെ മറച്ചുപിടിക്കുകയാണ്. അവിടെയാണ് 50,000 രൂപയിൽ താഴെ തുക ലഭിക്കാനുള്ളവർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അത് നൽകിയത്. സംസ്ഥാന ഇൻസെന്റീവ് എല്ലാവരുടെയും അക്കൗണ്ടിലേയ്ക്ക് എത്തിക്കാൻ തീരുമാനിച്ചത്. അതോടൊപ്പതന്നെ സമാന്തരമായി ബാങ്കുകളുടെ കാൺസോർഷ്യവുമായി ബന്ധപ്പെട്ട്  ബാക്കിയുള്ള തുക നൽകാനുള്ള എല്ലാ നടപടികളിലേയ്ക്കും ഏർപ്പെട്ടു. കാലതാമസം ഉണ്ടായി എന്നുള്ളത് ശരിയാണ്. ആ കാലതാമസം ഉണ്ടാകുന്നതിന് സംസ്ഥാന സർക്കാരോ സിവിൽ സപ്ലൈസ് കോർപ്പറേഷനോ ആയിരുന്നില്ല ഉത്തരവാദിയെന്നുള്ള യാഥാർത്ഥ്യമുണ്ട്. പിന്നെ ഇവിടെ പറഞ്ഞു, രണ്ട് മന്ത്രിമാരെ ഇവിടെ നിർത്തിപ്പൊരിച്ചുവെന്ന്. അദ്ദേഹം എന്തും പറയട്ടെ. ആ പരിപാടിയിൽ പങ്കെടുക്കുമ്പോൾ വളരെ മാന്യമായിത്തന്നെ ഒരു നിർത്തിപ്പൊരിക്കലുമില്ലാതെ കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് അക്കാര്യങ്ങൾക്കെല്ലാമുള്ള കൃത്യമായ മറുപടി പറയുകയും ചെയ്തു. ഞങ്ങൾ അക്കാര്യം അവിടംകൊണ്ട് അവസാനിപ്പിച്ചതാണ്.

അതിനുശേഷവും ശ്രീ. സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ട് മന്ത്രിമാരുടെ മുഖത്തുനോക്കി പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്തായിരുന്നു. ഒരു കർഷകൻ ഓണം ഉണ്ണാൻ നിർവ്വാഹമില്ലാതെ പണം ലഭ്യമാകാതിരിക്കുന്നുവെന്ന് പറഞ്ഞത് ഒരാളിനെ ചൂണ്ടിക്കാട്ടിത്തന്നെയായിരുന്നു. അദ്ദേഹം ഒരു രാഷ്ട്രീയ പ്രസ്ഥാനവുമായി വലിയ ബന്ധമുള്ള ആളായിരുന്നു. അദ്ദേഹം പാലക്കാട് ഉൾപ്പെടെ പോയി പ്രസംഗിക്കുകയും ചെയ്തിരുന്നു. അത് വീണ്ടും വന്നപ്പോഴാണ് യാഥാർത്ഥ്യങ്ങൾ പറയേണ്ടതുണ്ടെന്ന് മനസ്സിലാക്കിയത്. മാസങ്ങൾക്ക് മുമ്പ് മുഴുവൻ തുകയും വാങ്ങിയ ഒരാളിന്റെ പേരും പറഞ്ഞാണ് ഒരു സിനിമ താരം ഒരു പുതിയ തിരക്കഥ ഇവിടെ മെനഞ്ഞത്. ഒന്നാം ദിവസം തന്നെ ചില സിനിമകൾ പൊട്ടിപോകുന്നതുപോലെ ഈ തിരക്കഥയും പടവും പൊട്ടിപ്പോയിയെന്നുള്ള യാഥാർത്ഥ്യം പറയേണ്ടിവന്നത് അതുകൊണ്ടാണ്. കൃഷ്ണപ്രസാദ് എന്ന കർഷകൻ മാസങ്ങൾക്ക് മുമ്പ് അദ്ദേഹത്തിന്റെ മുഴുവൻ തുകയും ....

<u>മി. സ്പീക്കർ</u>: പ്ലീസ് ... പ്ലീസ്.... ശ്രീ. ഷാഫി പറമ്പിൽ അവതാരകൻ അവതരിപ്പിക്കുമ്പോൾ ആരും ഇടപെട്ടിട്ടില്ലല്ലോ. പ്ലീസ് ... പ്ലീസ്... അദ്ദേഹം

സംസാരിക്കട്ടെ. ശ്രീ. സണ്ണി ജോസഫ് സംസാരിച്ചപ്പോൾ ആരും ഇടപെട്ടിട്ടില്ല. അങ്ങനെയാണെങ്കിൽ പാലക്കാട് എം.എൽ.എ. അവതരിപ്പിക്കണമായിരുന്നു.

ശ്രീ. പി. പ്രസാദ്: സർ, അടിയന്തര പ്രമേയത്തിന്റെ അവതാരകൻ ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയേണ്ടത് ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു മന്ത്രിയുടെ ഉത്തരവാദിത്വമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്കൊരു കാര്യം സൂചിപ്പിക്കാനുണ്ട്. പാലക്കാടും കുട്ടനാടും അപ്പർ കുട്ടനാടും തൃശ്ശൂരും നെല്ലെടുത്ത കർഷകർക്ക് തുക ലഭിക്കാൻ inordinate delay ഉണ്ടായി എന്നുള്ള കാര്യം എന്തുകൊണ്ടാണ് അങ്ങ് അംഗീകരിക്കാത്തത്; വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട സമ്മേളനത്തിൽവച്ച് ഞാൻ മുഖ്യമന്ത്രിയോട് നേരിട്ട് ഇക്കാര്യം സൂചിപ്പിച്ചതായിരുന്നു. ആളുകൾ അനുഭവിക്കുന്ന പ്രയാസം എത്ര വലുതാണെന്നറിയാമോ; നമ്മൾ തമ്മിലുള്ള വാദപ്രതിവാദമല്ല ഇവിടത്തെ പ്രശ്നം. എന്റെ നിയോജകമണ്ഡലമടക്കം കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും തൃശ്ശൂരും കോട്ടയം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും പാലക്കാടും കർഷകർ

അനുഭവിക്കുന്ന പ്രശ്നങ്ങൾ അങ്ങ് മനസ്സിലാക്കണം. പോയിന്റ് സ്കോർ ചെയ്യേണ്ട വിഷയമല്ല ഇവിടെയുള്ളത്.

ശ്രീ. പി. പ്രസാദ്: സർ, കാലതാമസമുണ്ടായി എന്നത് സമ്മതിക്കുന്നു. അതിന് സംസ്ഥാന സർക്കാർ മാത്രമാണ് കാരണമെന്ന തരത്തിലായിരുന്നു സംസാരിച്ചത്. അതുശരിയല്ലെന്ന് മാത്രമേ പറഞ്ഞുള്ളൂ. ലഭ്യമായ തുകയുടെ കാര്യംപോലും മറച്ചുവച്ചുകൊണ്ട് സംസ്ഥാന സർക്കാരിനെതിരായിട്ടുള്ള ഒരു വടിയായി ഉപയോഗിക്കാൻ നോക്കുന്നു എന്നതാണ് സൂചിപ്പിക്കുന്നത്. പണം കൈപ്പറ്റിയവർ പോലും പ്രതിഷേധമുണ്ടാക്കുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ എത്തിയത്. സംസ്ഥാന സർക്കാർ 150 കോടിരൂപ അനുവദിച്ചതും സമാന്തരമായി കൺസോർഷ്യത്തിന്റെ തുക ഏർപ്പാടാക്കിയും ടി പ്രതിസന്ധി പരിഹരിക്കാൻവേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇന്നലെവരെയുള്ള കണക്കുകളനുസരിച്ച് 91 കോടിരൂപ മാത്രമാണ് ഇനി കൊടുക്കാനുള്ളത്. അതും കൊടുത്തുകൊണ്ടിരിക്കുകയാണ്. നെല്ലിന്റെ കാര്യത്തിൽ 433 കോടി രൂപയുടെ കുടിശ്ശിക കണക്ക് സൂചിപ്പിച്ചിരുന്നു. 150 കോടിരൂപ സംസ്ഥാന സർക്കാർ കൊടുത്തെന്നുള്ളതും സിവിൽ സപ്ലൈസ് കോർപ്പറേഷൻ

നേരത്തെ സൂചിപ്പിച്ച കണക്ക് പരിശോധിച്ചശേഷവും വീണ്ടും നമ്മളത് പറയുന്നത് ശരിയല്ല. ഒരു കർഷകനും കൃഷിയിലേയ്ക്കില്ല.. അല്ലെങ്കിൽ ചെറുപ്പക്കാർ വരുന്നില്ലെന്നുമല്ല ഞാനും അവിടെ പ്രസംഗിച്ചത്. കൃഷിയിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് ഓഡി കാർ വാങ്ങിച്ച ഒരു ചെറുപ്പക്കാരൻ ആ വേദിയിലുണ്ടായിരുന്നു. ഒരുപാട് ചെറുപ്പക്കാർ കൃഷിയിലേയ്ക്ക് വരുന്നുണ്ട്. അതുകൊണ്ട് എല്ലാം അടച്ചാക്ഷേപിച്ച് നാളെയാരും ടി മേഖലയിലേയ്ക്ക് വരാൻ പാടില്ലെന്ന തരത്തിലുള്ള ധ്വനി ഈ സഭയിൽ നിന്നുണ്ടാകാൻ പാടില്ലെന്നേ പറയുന്നുള്ളൂ. പച്ചത്തേങ്ങാ സംഭരണം പാളി.. പൈസ കിട്ടുന്നില്ല.. എന്നൊക്കെ സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ പത്രങ്ങളിൽ വന്ന വാർത്തകളാണ് എന്റെ കൈവശമുള്ളത്. ദീപികയിലെ വാർത്തയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ഇന്നത്തെയും ഇന്നലെത്തെയും മലയാള മനോരമ ദിനപ്പത്രം ശ്രദ്ധിച്ചാൽ മതി. പച്ചത്തേങ്ങാ സംഭരണം ഫലപ്രദമായി നടക്കുന്നു എന്നുള്ള കാര്യം പത്രവാർത്തകളിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. 'നാഫെഡ് ആദ്യദിനം 330 ടൺ പച്ചത്തേങ്ങാ സംഭരിച്ചു, സംഭരിക്കാൻ മൊബൈൽ കേന്ദ്രങ്ങളും'... 'പച്ചത്തേങ്ങാ സംഭരണം പൂർണ്ണതോതിൽ'.. ഇതൊക്കെത്തന്നെയും മലയാള മനോരമയിൽ

വന്നിട്ടുള്ള വാർത്തകളാണ്. ഞാൻ അതിന്റെയും വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇതൊക്കെ കേൾക്കുമ്പോൾ നേരത്തെ ഇതെല്ലാം എങ്ങനെയാണ് നടന്നിരുന്നതെന്നുകൂടി ആലോചിക്കുന്നത് നല്ലതായിരിക്കും. ആദരണീയനായ ശ്രീ. രമേശ് ചെന്നിത്തല എം.എൽ.എ., പൈസ കൊടുക്കുന്നതിനെക്കുറിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എങ്ങനെയായിരുന്നു; 2012-13-ലെ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ ഇവിടെ ഓർമ്മിപ്പിക്കാം. 2 റൈസ് ബയോ പാർക്കുകൾ കുട്ടനാടും പാലക്കാടും സ്ഥാപിക്കും, അതിനായി 10 കോടി രൂപ നീക്കിവച്ചു. ഒരെണ്ണം സ്ഥാപിച്ചോ; കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കും, അതിനായി 15 കോടിരൂപ നീക്കിവച്ചു. സ്ഥാപിച്ചോ; പഞ്ചായത്തിൽ മൂന്ന് ഗ്രീൻ ഹൗസുകൾ, 45 കോടിരൂപ നീക്കിവച്ചു.. സ്ഥാപിച്ചോ; 2013-14-ലെ ബഡ്ജറ്റിൽ ചെറുകിടകർഷകരുടെ പലിശ എഴുതിത്തള്ളും. നടത്തിയോ; നെല്ല് സംഭരണം - റിവോൾവിംഗ് ഫണ്ട്.. സപ്ലൈകോ അരിമില്ലുകൾക്ക് 14 കോടിരൂപ, അഗ്രിമാളുകൾകൾക്ക് 25 കോടിരൂപ.. ഇതിൽ ഏതെങ്കിലും ഒരു പദ്ധതിയെങ്കിലും പ്രാവർത്തികമായോ? 2014-15 -ലെ ബഡ്ജറ്റിൽ ഇന്ത്യയിലാദ്യമായി 90

ശതമാനം പ്രീമിയം നടപ്പാക്കിക്കൊണ്ട് സർക്കാർ കർഷക ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കുന്നു. ഇൻകം ഗ്യാരന്റി സ്കീമിനുവേണ്ടി ബഡ്ജറ്റിൽ നീക്കി വച്ചത് 50 കോടിരൂപ.. കേരളത്തിൽ നടപ്പിലായോ; ഒന്നും നടന്നില്ല. കർഷകരുടെ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകാൻ 10 കോടി രൂപ വകയിരുത്തി. ഏതെങ്കിലുമൊരു കർഷകന്റെ കുട്ടിക്ക് ലാപ്ടോപ്പ് കിട്ടിയോ. അഗ്രി കാർഡ് നടപ്പിലായോ; ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷികകടം ഏറ്റെടുക്കും. 25 കോടിരൂപ... നടപ്പിലായോ...2015-16 -ലെ ബഡ്ജറ്റിൽ നെല്ല് സംഭരണത്തിൽ  സംസ്ഥാന ബോണസ് ഉടൻ നൽകാൻ 300 കോടി രൂപ.. നടപ്പിലായോ?.. സംസ്ഥാന പ്ലാന്റേഷൻ നികുതി നടപ്പാക്കിയില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് നൽകിയത്. സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി.. പുതിയ സ്കീം 20 കോടി രൂപ.. നടപ്പിലായോ; ഹണി മിഷൻ.. ഇതെല്ലാം ഞാൻ പറഞ്ഞുപോകുന്നു. ഇടയ്ക്കിടപെട്ടതുകൊണ്ടും പറഞ്ഞതുകൊണ്ടും മാത്രം ഇക്കാര്യങ്ങൾ സൂചിപ്പിച്ചെന്നേയുള്ളൂ.

<u>മി.സ്പീക്കർ</u>: യെസ്.. പ്ലീസ്.. കൺക്ലൂഡ്..

ശ്രീ. പി. പ്രസാദ്: സർ, ഞങ്ങൾ ഞങ്ങളുടെ പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയ കാര്യങ്ങളെല്ലാം നടപ്പിലാക്കുകയും ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങൾ പ്രോഗ്രസ്സ് കാർഡിലൂടെ ജനങ്ങളെ അറിയിക്കുയും ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. -ന്റെ 2011-ലെ പ്രകടന പത്രിക എന്റെ കയ്യിലുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ ഇതേപോലെ അവർ അസ്വസ്ഥരാകുകയേയുള്ളൂ. കാലാവസ്ഥാ വ്യതിയാനം, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പായിട്ടില്ല. നാണ്യവിളകളുടെ വിലയിൽ വരുന്ന വ്യത്യാസം ഇല്ലാതാക്കാൻ വില സ്ഥിരതാ സംവിധാനം ആവിഷ്ക്കരിക്കും, അതും നടപ്പാക്കിയിട്ടില്ല. ചെറുകിട പാട്ടകൃഷി പ്രോത്സാഹിപ്പിക്കും, കൃഷിഭൂമിക്കും ഉടമസ്ഥന് ഉടമസ്ഥാവകാശവും നിയമപരിരക്ഷയും നല്കും..... നടപ്പാക്കിയിട്ടില്ല. കുരുമുളക് കൃഷിയുടെ വികസനത്തിന് കുരുമുളക് ബോർഡ് കേരളത്തിൽ തുടങ്ങാൻ കേന്ദ്ര സഹായം തേടും.. അന്ന് യു.പി.എ. ഗവൺമെന്റാണ് കേന്ദ്രം ഭരിക്കുന്നത്... നടപ്പാക്കിയിട്ടില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ.. പ്ലീസ്.

<u>ശ്രീ. പി. പ്രസാദ്:</u> സർ, എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷികോല്പന്ന ചന്തകളും ആവശ്യമുള്ള സ്ഥലങ്ങളിൽ കന്നുകാലിച്ചന്തകളും ആരംഭിക്കും... നടപ്പിലായിട്ടില്ല. കാർഷിക വിളകളുടെ താങ്ങുവില ഉല്പാദന വർദ്ധനവിന് ആനുപാതികമായി ഉയർത്തും... നടന്നിട്ടില്ല. ഹോർട്ടികൾച്ചർ ബോർഡ് വിപുലീകരിക്കും.. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാം എന്ന സ്ഥാപനം ആരംഭിക്കും....നടന്നിട്ടില്ല. ഇത്രയും പറഞ്ഞതുകൊണ്ടുമാത്രം ഇക്കാര്യങ്ങൾ സൂചിപ്പിച്ചതാണ്. അട്ടപ്പാടിയിൽ ശിശുമരണം ഒരു തുടർക്കഥയായിരുന്നില്ലേ.. എങ്ങനെയാണ് പരിഹാരമുണ്ടാക്കിയത്. സംസ്ഥാന സർക്കാർ 73 ഗ്രാമങ്ങളിൽ ചെറുധാന്യകൃഷി, മില്ലറ്റ് ഗ്രാമം, ജൈവ പദ്ധതി നടപ്പിലാക്കി. 926 കർഷകർക്ക് അതിന്റെ ഗുണം ലഭിച്ചു..അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയുമായി ബന്ധപ്പെട്ട്, ഞാനും ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യും കൂടിയാണ് അതിന്റെ ഫാക്ടറി ഉദ്ഘാടനം ചെയ്തത്. ഇക്കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടപ്പിലാക്കിയ കാര്യങ്ങളാണ്. പാലക്കാടിന്റെ കാര്യം

പ്രത്യേകം സൂചിപ്പിച്ചതുകൊണ്ട് ഇത് പറഞ്ഞെന്നേയുള്ളൂ. നമ്മുടെ നാട്ടിൽ ഇവിടെ ഉൾപ്പെടെ പ്രശ്നങ്ങൾ ഈ കാലഘട്ടങ്ങളിലെല്ലാം...

മി.സ്പീക്കർ: പ്ലീസ്... പ്ലീസ്.. ചർച്ചയ്ക്കെടുക്കുന്നില്ല...

ശ്രീ. പി. പ്രസാദ്: സർ, നമുക്ക് കേന്ദ്രത്തിന്റെ ചില നയങ്ങളുണ്ട്, വെളിച്ചെണ്ണയുടെ ഇറക്കുമതി പ്രശ്നമുണ്ട്, പാർലമെന്റിൽ ഉന്നയിക്കേണ്ടുന്ന പ്രശ്നങ്ങളുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പാർലമെന്റിൽ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ ഫ്ലോറിൽ അന്ന് മന്ത്രിമാർ മറുപടി നൽകിയിട്ടുണ്ട്. ആരൊക്കെ ഉന്നയിച്ചു.. പാർലമെന്റിൽ ഉന്നയിക്കണം, യു.ഡി.എഫ്. സർക്കാർ എം.പി.-മാരോട് ആവശ്യപ്പെട്ടു. സഭയിൽ ഒരു അടിയന്തര പ്രമേയത്തിനുള്ള മറുപടി പി. കരുണാകരൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, എം. കെ. രാഘവൻ, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ എന്നിവർ ഉന്നയിച്ചു. ഇതിൽ രണ്ട് എൽ.ഡി.എഫ്. എം.പി.-മാരുണ്ട് അതുമറക്കരുത്. നമുക്ക് ചില വിഷയങ്ങളെ രാഷ്ട്രീയത്തിന് അപ്പുറത്തേയ്ക്ക് കാണേണ്ടതുണ്ട്. അത്തരത്തിൽ രാഷ്ട്രീയത്തിന് അപ്പുറത്തേയ്ക്ക് കാണുമ്പോൾ കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള പ്രശ്നങ്ങൾ വരും. ആദരണീയനായ ശ്രീ. രമേശ്

ചെന്നിത്തല ചോദിച്ചതുപോലെ കർഷകർക്ക് ഉടൻ പണം കൊടുക്കുന്നതിനെക്കുറിച്ചും... പഴയ കാലഘട്ടത്തിലും ഒരു ചർച്ചയുണ്ട്. നമുക്ക് നടപ്പാക്കാൻ പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അത്തരത്തിലാണ് പി.ആർ.എസ്.-ലേയ്ക്ക് പോയത്. എന്തെല്ലാമാണ് ടി മേഖലയിലെ പ്രശ്നങ്ങൾ എന്നുപഠിക്കാൻ ഞങ്ങളൊരു ഒരു വിദഗ്ദ സമിതിയെ നിയോഗിച്ചു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ചെയറുമായി സഹകരിക്കണം...

ശ്രീ. പി. പ്രസാദ്: സർ, ഞാൻ ചുരുക്കുകയാണ്. മുതിർന്ന മൂന്ന് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചു. പ്രസ്തുത വിദഗ്ദ സമിതി റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ കാബിനറ്റ് സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വരുംനാളുകളിൽ ഇപ്പോഴുണ്ടായ പ്രതിസന്ധിപോലും ഉണ്ടാകാതിരിക്കാൻ പാകത്തിൽ നടപടികൾ സ്വീകരിക്കും. ടി വിദഗ്ദ സമിതിയുടെ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ.... നെല്ല് സംഭരണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രശ്നങ്ങളേയും അഡ്രസ്സ് ചെയ്യുന്ന തരത്തിൽ നിലപാടുകൾ സ്വീകരിക്കുന്നതാണ്. ഈ സർക്കാർ

അധികാരത്തിൽ വന്നശേഷം രണ്ട് സാമ്പത്തിക വർഷങ്ങളിലായി 72 കോടിരൂപ വിള ഇൻഷ്വറൻസ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അതിനകത്ത് 2022-23-ലും മുൻകാലങ്ങളിലൊക്കെയും കുടിശ്ശികയുണ്ട്. 2011-16 -ൽ 107 കോടി രൂപയായിരുന്നു കുടിശ്ശിക. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം നീക്കിവച്ചത് 18.9 കോടി രൂപയാണ്. ഈ വർഷം അഡീഷണൽ ഓതറൈസേഷൻ വഴി 34,90,03,549 കോടി രൂപ കൂടുതലായി അനുവദിച്ചിട്ടുണ്ട്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ കാർഷിക മേഖല തകരുന്നു എന്ന് പറയുന്നത് ശരിയായ കാര്യമല്ല.. കാർഷിക മേഖല തകരുന്നില്ല. നമ്മുടെ കയ്യിലൊരു കണക്കുണ്ട്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുണ്ട്. 2013-14 മുതൽ ഇങ്ങോട്ടുള്ള എല്ലാ കണക്കുകളുമുണ്ട്. ഞാൻ പറയുന്നില്ല.. അഖിലേന്ത്യാ അടിസ്ഥാനത്തിൽ കാർഷിക മേഖലയുടെ കണക്ക് കാണിക്കുമ്പോൾ 2020-21 -ലെ 0.24 -ൽ നിന്ന് 2021-22 ആയപ്പോൾ 4.64 ആയി ഉയരാൻ കഴിഞ്ഞിട്ടുണ്ട്. ഇത് നിലനിർത്തിക്കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക്

പറയാനുള്ളത്, നമ്മുടെയെല്ലാം ഇടപെടലുണ്ടെങ്കിൽ കാർഷിക മേഖലയുടെ വളർച്ചകൂടുന്നു എന്നത് വകുപ്പിന്റെ മെച്ചമായോ സർക്കാരിന്റെ മെച്ചമായോ കാണരുത്. ഭക്ഷണം, ജീവിതം, ആരോഗ്യം എന്നതിനെ കണക്കിലെടുത്ത് ചെയ്യുമ്പോൾ നമുക്കതിനെ ആ അർത്ഥത്തിൽ കാണേണ്ടത് ആവശ്യമാണ്. ഈ രംഗത്ത് നിൽക്കുന്നവർക്ക് കൂടുതൽ വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ അതുപോലുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. VAIGA(Value addition for Income Generation In Agriculture) -യുടെ ഭാഗമായി ഞങ്ങളൊരു B2B മീറ്റ് നടത്തി. രണ്ടാമത്തെ B2B മീറ്റ് നടത്തിയത് ഹരിപ്പാടാണ്. ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ളവർക്ക് അക്കാര്യത്തിൽ ആശങ്കയുണ്ടായിരുന്നു. 3 കൊടിയിൽ അധികം രൂപയുടെ കച്ചവടം ഇതിലൂടെ നടത്താൻ കഴിഞ്ഞു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ചെയറുമായി സഹകരിക്കണം...

ശ്രീ. പി. പ്രസാദ്: സർ, നമ്മുടെ സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ നമ്മളെല്ലാവരുംകൂടി ചെയ്യേണ്ടുന്ന/ഇടപെടേണ്ട

കാര്യമാണിത്. സങ്കുചിത രാഷ്ട്രീയം ഉൾപ്പെടരുതെന്ന് മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്. സർക്കാർ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ഇനിയും സംസാരിക്കാനുണ്ട്. സമയപരിമിതി കാരണം അതിലേയ്ക്ക് കടക്കുന്നില്ല. പ്രസ്തുത പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടാൽ കേരളത്തിലെ കർഷകരെല്ലാം ഞെട്ടിപോകും. കാരണം ഇത്രയും ഭദ്രമായ സാമ്പത്തിക പശ്ചാത്തലമുള്ള, കൃഷി ചെയ്ത് വേണമെങ്കിൽ Audi car വരെ വാങ്ങിക്കാൻ കഴിയുന്ന കാർഷിക മുന്നേറ്റമാണ് കേരളത്തിൽ ഉണ്ടായിരിക്കുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. കാർഷികമേഖലയിൽ മുഴുവൻ സമൃദ്ധിയാണ്, ആഘോഷമാണ്, യാഥാർത്ഥ്യങ്ങളെ വിസ്മരിച്ചുകൊണ്ട് ശബ്ദമുയർത്തി പറഞ്ഞാൽ യാഥാർത്ഥ്യങ്ങൾ ഇല്ലാതാവുമോ. ഈ പറഞ്ഞ കാര്യങ്ങൾ കർഷകനായ നിങ്ങളുടെ

മന്ത്രിസഭയിൽ ഇരിക്കുന്ന ബഹുമാന്യനായ ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. റോഷി അഗസ്റ്റിൻ എന്നിവർ കർഷകരുടെ സ്ഥിതി ഇതാണെന്ന് അംഗീകരിക്കുമോ. റബർ കർഷകരുടെ സ്ഥിതിയെന്താണ്. നിങ്ങൾ പുതുപ്പള്ളിയിൽ പോയപ്പോൾ കാർഷികമേഖലയിൽ റബർ പ്ലാന്റേഷൻസ് കാടുപിടിച്ച് കിടക്കുന്നത് എന്തുകൊണ്ട് ശ്രദ്ധയിൽപ്പെട്ടില്ല. റബർ പ്ലാന്റേഷൻ നന്നായി സൂക്ഷിക്കേണ്ടതാണ്, പക്ഷേ ടാപ്പിംഗ് നടത്താൻ പോലും കഴിയുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറിനെ നോക്കി സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങോട്ട് നോക്കിയാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: നിങ്ങൾ ഇങ്ങനെ റൊട്ടേറ്റ് ചെയ്യുമ്പോഴാണ് പ്രശ്നം വരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഒരു കാര്യം അങ്ങയോട് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ നടപടിക്രമങ്ങളിൽ സ്പീക്കറെ

നോക്കി സംസാരിക്കണമെന്നില്ല. സ്പീക്കറെ അഡ്രസ് ചെയ്യണമെന്നേയുള്ളൂ. ഞാൻ അതുകൊണ്ടാണ് ഇടയ്ക്ക് സർ എന്ന് അഭിസംബോധന ചെയ്യുന്നത്.

മി. സ്പീക്കർ: കമന്റസ് അതുകൊണ്ടാണ് വരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ഒരു തെറ്റിദ്ധാരണയുണ്ട്. സ്പീക്കറെ നോക്കി സംസാരിക്കണമെന്ന്. സ്പീക്കറെ അഡ്രസ് ചെയ്യണമെന്നു മാത്രമേ ഉള്ളൂ. ഞാൻ തിരുത്തിയതാണ്. ഞാൻ ഇടയ്ക്കിടയ്ക്ക് സർ എന്ന് വിളിക്കുന്നുണ്ട്. ഞാൻ അങ്ങ് വഴി ഗവൺമെന്റിലേയ്ക്കാണ് സംസാരിക്കുന്നത്. അതാണ് അതിന്റെ procedure.

അപ്പോൾ എല്ലാം ഭദ്രമാണെന്ന് പറയുന്ന സ്ഥിതി ശരിയാണോ. നെൽ കർഷകരുടെ കാര്യം പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും ചോദിക്കുന്നത് നെല്ല് സംഭരിച്ച് അളന്ന് സർക്കാരിന്റെ ഏജൻസി കൊണ്ടുപോയതിനുശേഷം ഇത്രയും മാസക്കാലം കാത്തിരിക്കേണ്ട ഗതികേട് കേരളത്തിന്റെ ചരിത്രത്തിൽ നെൽ കർഷകർക്ക് മുമ്പ് ഉണ്ടായിട്ടുണ്ടോ, ഇത്രയും നാൾ കാത്തിരിക്കേണ്ടിവന്നിട്ടുണ്ടോ. എന്താണ് കൺഫ്യൂഷൻ, ഇപ്പോഴും തീർന്നിട്ടില്ലല്ലോ കൺഫ്യൂഷൻ. നടപടി എടുത്തുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. ബാങ്കുകളുമായി

സർക്കാരും സിവിൽ സപ്ലൈസ് കോർപ്പറേഷനും തമ്മിലുള്ള തർക്കത്തിൽ ഞങ്ങളോട് മെക്കിട്ട് കയറുന്നത് എന്തിനാണ്. എനിക്ക് മനസ്സിലായില്ല, മന്ത്രി അങ്ങ് ചൂടാവുകയാണ്. നിങ്ങൾ ബാങ്കുകളെപ്പറ്റി പറഞ്ഞു. സർക്കാരും ബാങ്കുമായിട്ട് negotiate ചെയ്യുന്നത് സർക്കാരിന്റെ ജോലിയാണ്, part of the governance. അതിന് പ്രതിപക്ഷം എന്താണ് ചെയ്യേണ്ടത്. എസ്.ബി.ഐ., കാനറ ബാങ്ക് എന്നിവർക്ക് എതിരായി പ്രതിപക്ഷം പത്രസമ്മേളനം നടത്തണോ. നിങ്ങൾക്ക് പറ്റില്ലെങ്കിൽ പറയൂ ഞങ്ങൾ negotiate ചെയ്യാം. Alternative proposals-ഉം ജില്ലാ സഹകരണ ബാങ്കുകളുമുണ്ട്. അവരുമായി സംസാരിച്ച് സർക്കാരിന് തീരുമാനമെടുക്കാം. നിങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. പിന്നെ പറഞ്ഞു പലിശ വാങ്ങിച്ചുയെന്ന്. ഞങ്ങളാരും ഒരു കർഷകന്റെ കൈയ്യിൽനിന്നും paddy receipt sheet-ന്റെ പലിശ സർക്കാർ, ബാങ്ക് വാങ്ങിച്ചുയെന്ന് പറഞ്ഞിട്ടില്ല. ഞങ്ങളെന്താ പറഞ്ഞത്, കർഷകൻതന്നെ അവന്റെ ലോണായിട്ട് എടുക്കുകയാണ്. സർക്കാർ ആയിരക്കണക്കിന് കോടി രൂപ ബാങ്കിലേയ്ക്ക് തിരിച്ചടയ്ക്കണം. അതായത് Paddy Receipt Sheets (PRS) ആണ്. ബാങ്ക് നേരത്തെ തുക നൽകും. സർക്കാർ തുക ബാങ്കിൽ കൊടുക്കും. ഇതാണ് ബാങ്കും സർക്കാരും

കർഷകനും തമ്മിലുള്ള ധാരണ. സർക്കാർ തുക നൽകിയില്ല. നൂറു കണക്കിനുകോടി രൂപ കുടിശ്ശിക വന്നപ്പോൾ ബാങ്കുകൾ എന്ത് ചെയ്തു, ബാങ്കുകൾ ഈ റസീപ്റ്റ് കൊടുക്കുന്ന പരിപാടി നിർത്തിവച്ചു. എന്നിട്ട് പെന്റിംഗ് ആയി തുക കൊടുക്കാൻ കഴിയാതെ വന്നപ്പോൾ കർഷകന്റെ ലോൺ എടുത്തതിലെ സിബിൽ സ്കോർ (CIBIL Score) താഴേയ്ക്ക് പോകുകയും ചെയ്തു. (ബഹളം)... ഞാൻ കംപ്ലീറ്റ് ചെയ്യട്ടെ. നിങ്ങൾക്ക് പരാതി ഉണ്ടെങ്കിൽ പിന്നീട് പറയാമല്ലോ. കർഷകനും ബാങ്കും തമ്മിൽ എഗ്രിമെന്റ് ഉണ്ടല്ലോ. കർഷകൻ സൈൻ ചെയ്തിട്ടല്ലേ ടി തുക നൽകുന്നത്. കർഷകന്റെ സിബിൽ സ്കോർ താഴേയ്ക്ക് പോയാൽ എന്താണ് സംഭവിക്കുന്നത്? കർഷകന് വേറൊരു ബാങ്കിൽനിന്നും ലോൺ ലഭിക്കില്ല. ആ സ്ഥിതിയിൽ നിങ്ങൾ കാര്യങ്ങൾ കൊണ്ടെത്തിച്ചു. എത്രമാസമായി നിങ്ങൾ ബാങ്കുകളുമായി ചർച്ച തുടങ്ങിയിട്ട്, എത്ര മാസമായി നിങ്ങൾ consortium രൂപീകരിക്കാൻ തുടങ്ങിയിട്ട്. നിയമസഭയിൽ ഇന്നലെ മന്ത്രി ഒപ്പിട്ടുനൽകിയ മറുപടിയല്ലേ ഇവിടെ വായിച്ചത്. അതിൽ പറഞ്ഞിരിക്കുന്നത് നൂറ്റമ്പത് കോടി രൂപ ഓണക്കാലത്ത് കൊടുത്തത് അതിൽ എഴുപത്തിയൊന്ന് കോടി രൂപ കൊടുത്തുയെന്നും ഇരുപത്തി ഏഴായിരം

കർഷകർക്ക് പണം കൊടുത്തുയെന്നുമാണ്. പക്ഷേ എഴുപത്തിയൊന്നായിരം കർഷകർക്ക് പണം ലഭിക്കാതെ കാത്തുനിൽക്കുകയാണ്. ഇവിടെ കർഷകരുടെ സ്ഥിതിയെന്താണ്? ആദ്യത്തെ വിളവിനു വട്ടിപ്പലിശയ്ക്ക് തുക കടം വാങ്ങിയാണ് കൃഷി ചെയ്യുന്നത്. കർഷകർക്കു ലഭിക്കേണ്ട തുക ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ആദ്യത്തെ വിളവിനായി വട്ടിപ്പലിശയ്ക്ക് വാങ്ങിയ തുക നൽകാനും രണ്ടാമത്തെ വിളവ് ഇറക്കാനും കഴിയുകയുള്ളൂ. ഇതുകിട്ടാത്തതിനാൽ രണ്ടാമത് വിളവിറക്കാൻ കഴിയാതെ പാലക്കാടും കുട്ടനാടും അപ്പർ കുട്ടനാടും ഉൾപ്പെടെയുള്ള കേരളത്തിന്റെ വിവിധ മേഖലകളിലെ കർഷകർ പരിതാപകരമായ അവസ്ഥയിലാണ്. നമുക്ക് അന്നം ഉണ്ടാക്കി തരുന്ന നെൽ കർഷകരുടെ ഈ അവസ്ഥ യാഥാർത്ഥ്യമല്ലേ?

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്നലെ നാൽപ്പത്തിനാല് മിനിട്ട് സംസാരിച്ചിട്ട് ഞാൻ ചോദിച്ചിട്ട് പോലും അദ്ദേഹം വഴങ്ങിയില്ല. അതുകൊണ്ട് അങ്ങ് ബഹളമുണ്ടാക്കരുത് ....പ്ലീസ്...

എന്റെ പോയിന്റ് ഞാൻ conclude ചെയ്യട്ടെ. നെൽ കർഷകരുടെ സ്ഥിതി വളരെ പരിതാപകരമാണ്. നിങ്ങൾ കഴിഞ്ഞ ഏഴുവർഷവും

പറഞ്ഞല്ലോ സംഭരിച്ചാൽ ഒരാഴ്ചയ്ക്കകം കൊടുക്കാമെന്ന്. നിങ്ങൾ എത്ര പ്രാവശ്യം പറഞ്ഞു. കൊടുത്തതാണ് ഇപ്പോൾ കാണുന്നത്. റബറിന്റെ സ്ഥിതിയെന്താണ്? ഞാൻ നേരത്തെ സൂചിപ്പിച്ചപ്പോൾ പറഞ്ഞു. റബറിന് നിങ്ങൾ നൽകുന്നത് നൂറ്റി അമ്പതുരൂപ, നേരത്തെ ഞങ്ങൾ കൊണ്ടുവന്ന റബർ വില സ്ഥിരതാ ഫണ്ട് ഞങ്ങൾ അന്ന് അഞ്ഞൂറ് കോടി രൂപയും ഇരുനൂറ്റി എഴുപതുകോടി രൂപയും ചെലവാക്കിയിട്ടുണ്ട്. നിങ്ങൾ ആദ്യമൊക്കെ ചെലവാക്കി. ഇപ്പോൾ കുറച്ചുകൂടി റബറിന്റെ വില ഉയർന്നു. പക്ഷേ, ഇപ്പോൾ വില ഉയർന്നിട്ടും മാനേജ് ചെയ്യാൻ പറ്റുന്നില്ല. നിങ്ങൾ മനസ്സിലാക്കേണ്ടത് റബർ കർഷകന് ടാപ്പിംഗ് പോലും നടത്താൻ പറ്റുന്നില്ല. ടാപ്പിംഗ് നടത്തിയതിന്റെ കൂലി പോലും കൊടുക്കാൻ കഴിയുന്നില്ല. കേന്ദ്രഗവൺമെന്റിന്റെയും റബർ ബോർഡിന്റെയും സമ്മർദ്ദമുണ്ട്. റബർ ഇറക്കുമതി ചുങ്കം നിൽക്കുമ്പോൾ തന്നെ, അങ്ങ് പറയാത്ത ഒരു കാര്യം പറയാം. അങ്ങ് ശ്രീ. സണ്ണി ജോസഫ് പറയാത്തൊരു കാര്യമാണ് പറഞ്ഞത്. ഇരുപത്തിയഞ്ച് ശതമാനം ഇറക്കുമതി ചുങ്കം നിൽക്കുമ്പോൾ റബർ കമ്പനികളെല്ലാംകൂടി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചു. റബർ കോമ്പൗണ്ടിന് (റബറും കാർബണും ചേർന്നൊരു മിശ്രിതം)

പത്തുശതമാനമാക്കി import duty കുറച്ചുകൊടുത്തു. അപ്പോൾ റബർ കമ്പനികളെല്ലാം റബർ അല്ല ഇറക്കുമതി ചെയ്യുന്നത്. റബർ ഇറക്കുമതി ചെയ്താൽ ഇരുപത്തിയഞ്ച് ശതമാനം import duty -യാണ്. അവർക്ക് സൗകര്യത്തിനുവേണ്ടി റബർ കോമ്പൗണ്ട് ഇറക്കുമതി ചെയ്യാൻ സൗകര്യം ചെയ്തുകൊടുത്തു. പത്തു ശതമാനമെയുള്ളൂ. അപ്പോൾ റബർ കമ്പനികൾ മുഴുവൻ റബർ കോമ്പൗണ്ടാണ് ഇറക്കുന്നത്. Competition Commission റിസൾട്ട് പറഞ്ഞതിന് ഞങ്ങളെന്താണ് ചെയ്യേണ്ടത്. ഇപ്പോൾ കേരളത്തിലെ മിക്കവാറും എല്ലാ ടയർകമ്പനികളും ലേ ഓഫിലാണ്. മാർക്കറ്റ് ഇല്ല. എല്ലാ കമ്പനികളും ലേ ഓഫിലേക്ക് പോകുകയാണെന്നും പ്രൊഡക്ഷൻ ഗണ്യമായി കുറഞ്ഞുവെന്നും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്കറിയാം. ദേശ വ്യാപകമായ നിരവധി പ്രശ്നങ്ങളുണ്ട്, ഇത് നമ്മൾ കൈകാര്യം ചെയ്യേണ്ടതല്ല. സ്റ്റേറ്റ് ഗവൺമെന്റിനോ കേന്ദ്രഗവൺമെന്റിനോ ആർക്കെങ്കിലും റബ്ബർ കമ്പനികളോട് ഉയർന്ന വിലയ്ക്ക് റബ്ബർ വാങ്ങി ടയർ നിർമ്മിക്കണമെന്ന് പറയാൻ സാധിക്കുമോ? ബഹുമാനപ്പെട്ട മന്ത്രി എം.ആർ.എഫ്.-ന്റെ പേര് പറഞ്ഞത് എന്താണെന്ന് എനിക്കറിയാം. മനോരമയോട് എന്തെങ്കിലും ദേഷ്യം ഉണ്ടെങ്കിൽ അത്

വേറെ വഴിക്ക് തീർക്കണം. എം.ആർ.എഫ്.-നെ പറഞ്ഞാൽ മനോരമയ്ക്ക് എന്താണ്; അവർ തമ്മിൽ എന്താണ് ബന്ധം; അവർ അകന്ന ബന്ധുക്കളാണ്. മനോരമയോടുള്ള ദേഷ്യം എം.ആർ.എഫ്.-ന് വച്ചിട്ടങ്ങ് തീർക്കുകയാണ്. ടയർ കമ്പനികളുടെയും അവിടെ ജോലി ചെയ്യുന്നവരുടെയും ടയർ വാങ്ങുന്നവരുടെയും സ്ഥിതി എന്താണ്? ഇത് വേറൊരു സെക്ഷനാണ്. അഗ്രിക്കൾച്ചറും ഇൻഡസ്ട്രിയും തമ്മിൽ വ്യത്യാസമുണ്ട്. ഞാൻ ന്യായീകരിക്കുന്നതല്ല. ടയർ കമ്പനികൾക്ക് വലിയ വില കൊടുത്ത് റബ്ബർ വാങ്ങാൻ സാധിക്കുകയില്ല. അങ്ങനെ ചെയ്താൽ കമ്പനി പൂട്ടി പോകേണ്ടിവരും. അതാണ് സ്ഥിതി. ഇപ്പോൾ കിട്ടുന്ന 170/- രൂപ മതിയാകില്ലെന്ന് എല്ലാവർക്കുമറിയാം. കേന്ദ്ര സഹായത്തോടുകൂടി റബ്ബറിന്റെ താങ്ങുവില 250/- രൂപയാക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞു. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ 500 കോടി രൂപ മാറ്റി വച്ചിട്ട് ചെലവാക്കിയത് 20 കോടി രൂപയാണ്. അത്രയും തുകയേ വേണ്ടിവന്നുള്ളൂവെന്ന് ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും. കാരണം ഗ്യാപ് അത്രയേയുള്ളൂ. അപ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്; റബ്ബർ കർഷകരെ സഹായിക്കാൻ ആത്മാർത്ഥമായിട്ടാണ് ബഡ്ജറ്റിൽ 500 കോടി രൂപ മാറ്റി

വച്ചതെങ്കിൽ റബ്ബറിന്റെ താങ്ങുവിലയായ 170 രൂപയിൽ നിന്നും അത് 250 രൂപയായി വർദ്ധിപ്പിക്കണ്ടേ? അതല്ലേ ഡിമാന്റ്. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ 500 കോടി രൂപ മാറ്റിവച്ചിട്ട് നൽകിയത് 20 കോടി രൂപയാണ്. പിന്നെ എന്തിനാണ് ഈ വർഷം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അത് 600 കോടി രൂപയാക്കി വർദ്ധിപ്പിച്ചത്? കഴിഞ്ഞ വർഷത്തെ 480 കോടി രൂപ നൽകിയിട്ടില്ല. ഈ വർഷം ഗമയ്ക്ക് അത് 600 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. നൽകിയത് 33 കോടി രൂപ. രണ്ട് വർഷം കൊണ്ട് 53 കോടി രൂപയാണ് നിങ്ങൾ നൽകിയത്. അതുകൊണ്ട് റബ്ബർ കാർഷിക മേഖല സംതൃപ്തമാണെന്ന് ആ മേഖലയിൽ നിന്നും വരുന്ന ഏതെങ്കിലും ജനപ്രതിനിധികൾക്ക് പറയാൻ സാധിക്കുമോ? റബ്ബർ കർഷകർ തകർച്ചയിലാണ്. അത് കേരളത്തിന്റെ ഇക്കോണമിയെപ്പോലും ബാധിക്കുമെന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം. ഇത് വെന്റിലേറ്റർ കൊടുക്കുന്നതുപോലെയാണ്. പ്രതിസന്ധിയുണ്ടാകുമ്പോൾ ഓവർ കം ചെയ്യാൻ പറ്റിയില്ലെങ്കിൽ കാർഷികമേഖലയിൽ നിന്നും കർഷകർ വിട്ടുപോകും. ഒരു വെന്റിലേറ്റർ പ്രൊവൈഡ് ചെയ്യുന്നതുപോലെ സഹായം നൽകി ആ പ്രതിസന്ധി ഓവർ

കം ചെയ്യാൻ നമ്മൾ അവരെ സഹായിക്കണം. അത് നിങ്ങൾ ചെയ്യുന്നില്ലെന്നാണ് ഞങ്ങൾ പറഞ്ഞത്.

കേരളത്തിൽ നാളികേര സംഭരണം അക്ഷരാർത്ഥത്തിൽ പരാജയപ്പെട്ടു. കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട് കേര ഫെഡിന്റെ അഴിമതി ആരോപണവും വന്നു. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇപ്പോൾ ഇവിടെ അഴിമതി ആരോപിക്കാൻ പറ്റിയ സമയവുമല്ലെന്ന് എനിക്കറിയാം. അത് വേറെ പറയാം. പച്ചത്തേങ്ങ സംഭരണം നടക്കുന്നുണ്ട്. നാളികേരത്തിന് വില എത്ര കിട്ടുന്നുണ്ട്? നാളികേരത്തിന്റെ സംഭരണ വില 34/- രൂപയാക്കി നിങ്ങൾ ഉയർത്തി. കേരളത്തിൽ നാളികേര സംഭരണ കേന്ദ്രങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ല. ഇതുമായി ബന്ധപ്പെട്ട് പരാതികൾ നിലനിൽക്കുന്നുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിക്കുന്നത് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പ്രദേശത്താണ്. അവിടത്തെ കർഷകർക്കെല്ലാം വലിയ പരാതിയാണുള്ളത്. കേരളത്തിൽ നാളികേര കർഷകരുടെ സ്ഥിതി എന്താണ്? തെങ്ങ് കയറുന്നില്ല. പറമ്പിൽകൂടി സൂക്ഷിച്ച് നടന്നില്ലെങ്കിൽ തലയിൽ തേങ്ങ വീഴും. തെങ്ങ് കയറ്റത്തിന് കൊടുക്കേണ്ട കൂലിപോലും പൊതുവിപണിയിൽ തേങ്ങ വിറ്റാൽ

കിട്ടുന്നില്ല. അപ്പോഴല്ലേ സർക്കാർ ആ സംഭരണം വ്യാപിപ്പിക്കേണ്ടത്. പച്ചത്തേങ്ങ സംഭരണത്തിന് 13 കോടി രൂപ നൽകിയെന്ന് പറഞ്ഞു. കേരളത്തിലെ മൊത്തം നാളികേര കൃഷി തകർന്നു. കേരളത്തിലെ ലക്ഷകണക്കിന് വീടുകളിൽ തീ പുകച്ചിരുന്നതാണ് നാളികേരം. പല കാര്യങ്ങൾകൊണ്ട് കേരളത്തിൽ നാളികേര കൃഷി പൂർണ്ണമായ തകർച്ചയിലേയ്ക്ക് പോകുകയാണ്. വളത്തിന്റെയും കീടനാശിനിയുടെയും വിലയും അതുപോലുള്ള പല കാര്യങ്ങൾക്കും വില വർദ്ധനവുണ്ടായിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നമുണ്ട്, വന്യമൃഗ ശല്യമുണ്ട്. കുരങ്ങൻമാർ മച്ചിങ്ങ പരുവത്തിൽ തേങ്ങയിട്ട് കൊണ്ടുപോകുന്നു. കിഴങ്ങ് കൃഷി ഒന്നും നടക്കുകയില്ല. പന്നി കൂട്ടത്തോടെ വന്ന് ഭൂമിക്കടിയിൽ കൃഷി ചെയ്യുന്ന വിളകളെല്ലാം തകർത്തുകളയുന്നു. ആന കയറി വാഴ മുഴുവൻ തകർക്കുന്നു. കർഷകർ ഗതികേടിലാണ്. നമ്മൾ വന്യമൃഗശല്യത്തെ അഡ്രസ് ചെയ്യുന്നില്ല. കേരളത്തിലെ കർഷകർ കണ്ണുനീരിലാണ്. കേരളത്തിലെ ഏറ്റവും വലിയ കർഷകർ ആരാണ്? ഹൈറേഞ്ചിൽ താമസിക്കുന്ന നെൽ കർഷകർ കഴിഞ്ഞാൽ ഏറ്റവും വലിയ കർഷകർ വനാതിർത്തിയിൽ താമസിക്കുന്നവരാണ്. അവരുടെ അവസ്ഥ

പരിതാപകരമാണ്. അവർ എങ്ങനെ ജീവിക്കും; ഇതുമുഴുവൻ തകർന്നുപോകുകയാണ്. വന്യജീവികൾ കൂട്ടത്തോടെ വന്ന് അഞ്ഞൂറും ആയിരവും വാഴയൊക്കെ ഒറ്റ രാത്രികൊണ്ട് തകർത്തുകളയുകയാണ്. അതൊക്കെ നമ്മൾ അഡ്രസ്സ് ചെയ്യണ്ടേ; അഗ്രികൾച്ചർ നിങ്ങളുടെ പ്രയോറിറ്റിയിൽ ഉണ്ടോ; ഗൗരവതരമായി ഈ വിഷയങ്ങളെ നിങ്ങൾ അഡ്രസ് ചെയ്തിട്ടുണ്ടോ?

കറുത്ത സ്വർണ്ണം തേടിയാണ് കേരളത്തിലേയ്ക്ക് എല്ലാവരും വന്നത്. കുരുമുളകിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഇവിടുത്തെ വലിയ മാളുകളിൽ വിൽക്കുന്ന കുരുമുളക് പരിശോധിച്ചാൽ വിയറ്റ്നാമിൽ നിന്നും വരുന്നതാണെന്ന് മനസ്സിലാകും. കേരളത്തിൽ കുരുമുളകിന്റെ ഉൽപ്പാദനം കൂപ്പുകുത്തി താഴേയ്ക്കുപോകുകയാണ്. കുരുമുളകിന്റെ ഉൽപ്പാദനം ഒട്ടുമില്ലാത്ത തരത്തിൽ പൂർണ്ണമായും തകരുകയാണ്. ഏലത്തിന് വിലയുണ്ടെങ്കിലും കൃഷി ചെലവ് ഗൗരവതരമായി വർദ്ധിച്ചു.

ഏറ്റവും പാവപ്പെട്ട ജനവിഭാഗമാണ് താറാവ് കൃഷി ചെയ്യുന്നത്. കൃഷിയുടെ ഒരു ഭാഗമാണത്. പക്ഷിപനി വന്നപ്പോൾ കുട്ടനാട്ടിലെ കർഷകരുടെ താറാവുകളെ മുഴുവൻ കൊന്നുകളഞ്ഞു. എത്ര കഷ്ടപ്പെട്ടാണ്

അവർ താറാവിനെ വളർത്തുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ? ആ താറാവുകളെ മുഴുവൻ കൊന്നു. ഒരു താറാവിന് 600 രൂപാ മുതൽ 700 രൂപാവരെ വില കിട്ടുമായിരുന്നു. അവയെയാണ് പക്ഷിപ്പനി വന്നപ്പോൾ കൊന്നുകളഞ്ഞത്. പക്ഷിപ്പനി വന്ന് കൊന്ന ഒരു താറാവിന് 200 രൂപാ വച്ച് നഷ്ടപരിഹാരം നൽകുമെന്ന് പറഞ്ഞിരുന്നു. അത് നൽകിയിട്ടില്ല. ഞങ്ങളെ കാണുമ്പോൾ ആ കർഷകർ കരഞ്ഞ് സങ്കടം പറയുകയാണ്. ഇക്കാര്യം നിയമസഭയിൽ പറയണമെന്നും അവർ പറഞ്ഞു. അതുകൊണ്ടാണ് ഞാൻ ഇവിടെ വന്ന് ഇത് പറയുന്നത്. പത്തും അഞ്ചുറും താറാവ് കൊണ്ട് ജിവിച്ചിരുന്നയാളുകളുടെ മുഴുവൻ താറാവുകളെയും കൊന്നു. 700/- രൂപാ വച്ച് കിട്ടേണ്ട താറാവിന് 200/- രൂപാ വച്ച് നഷ്ടപരിഹാരം നൽകുമെന്ന് പറഞ്ഞു. അതുപോലും നിങ്ങൾ നൽകുന്നില്ല. അപ്പോൾ നിങ്ങളുടെ പ്രയോറിറ്റി എന്താണ്; ഈ മേഖലകളിലെ കർഷകർ അത്രമാത്രം കഷ്ടപ്പാട് അനുഭവിക്കുന്നുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ശ്രീ. കെ. പി. മോഹനനെതിരെ കുറ്റപത്രം സമർപ്പിച്ചു. അതൊക്കെ പറഞ്ഞിട്ട് അദ്ദേഹം അത് ചെയ്തില്ലെന്ന് പറഞ്ഞു. അന്നത്തെ കൃഷിവകുപ്പുമന്ത്രി ആരാണെന്ന് അദ്ദേഹം ഓർത്തില്ല.

ഇടുക്കി വികസന പാക്കേജിന് 12000 കോടി പ്രഖ്യാപിച്ചു. ഇടുക്കി വികസന പാക്കേജ് എന്നാണ് നിലവിൽ വന്നതെന്നും ഇതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ എന്ന നിയമസഭാ ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നുവെന്നാണ് മറുപടി നൽകിയത്. അപ്പോൾ ഇടുക്കി വികസന പാക്കേജിനെക്കുറിച്ച് ഒരു വിവരവും സർക്കാരിന് ഇല്ല. എത്ര വർഷം കൊണ്ടാണ് പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; നാളിതുവരെയായി എത്ര തുക ഇടുക്കി വികസന പാക്കേജിനായി അനുവദിച്ചുവെന്ന് അറിയിക്കാമോ? എന്നീ ചോദ്യങ്ങൾക്കും വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടിയാണ് നിയമസഭയിൽ നൽകിയത്. 12000 കോടി രൂപയുടെ പാക്കേജാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ല നമസ്കാരം. എന്നിട്ടാണ് ഇവിടെ പത്ത് കോടിയുടെ, അഞ്ച് കോടിയുടെ പാർക്ക് നടപ്പാക്കിയില്ല എന്നെല്ലാം പറയുന്നത്.

വയനാട് പാക്കേജിന് വകയിരുത്തിയ തുക 7000 കോടി രൂപയാണ്. ഏഴ് വർഷം കൊണ്ട് ചെലവാക്കിയത് 71 കോടി രൂപ. ഇതാണ് നിങ്ങളുടെ കാർഷിക വികസന പാക്കേജ്. കർഷക കടാശ്വാസ കമ്മീഷനിൽ

കുടിശ്ശികയൊക്കെ വരാറുണ്ട്. കാർഷിക കടാശ്വാസ കമ്മീഷന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; 97,000 അപേക്ഷകൾ പെൻഡിംഗിലാണ്. സാധാരണ കർഷകരുടെ അപേക്ഷകളാണ്, പണം കൊടുത്തിട്ടില്ല. എന്നിട്ട് കാർഷിക കടാശ്വാസ കമ്മീഷൻ നിയമം നടപ്പാക്കി. ഒരു പൈസയും കൊടുക്കുന്നില്ല. പണ്ട് തീർപ്പാക്കിയ വകയിൽ 150 കോടി രൂപ നൽകാനുണ്ട്. ഇനി ഒരു ലക്ഷത്തോളം അപേക്ഷകൾ വേറെ തീർപ്പാക്കാനുണ്ട്. ഇങ്ങനെ ഓരോ മേഖലയും തകർച്ചയിലാണ്.

കുട്ടനാട് പാക്കേജിനെക്കുറിച്ച് ഞാൻ പറയണോ? കേരളത്തിന്റെ നെല്ലറയാണ് കുട്ടനാടെന്ന് നമ്മൾ ചെറിയ ക്ലാസ്സിൽ പഠിച്ചുവന്നവരാണ്. കുട്ടനാടിന്റെ പ്രകൃതി ഭംഗിയും കാർഷികവൃത്തിയോടുള്ള അവരുടെ ആഭിമുഖ്യവും അവർ ജീവിക്കുന്ന സാഹചര്യങ്ങളും നമുക്കറിയാം. ഇപ്പോൾ കുട്ടനാട്ടിൽ പോയാൽ കണ്ണുനീർ വരും. കുട്ടനാട് മുഴുവൻ വെള്ളത്തിൽ മുങ്ങി കിടക്കുകയാണ്. നിയമസഭയിൽ കുട്ടനാട് പാക്കേജ് കൊണ്ടുവന്നപ്പോൾ ഞങ്ങൾക്ക് മന്ത്രിമാർ നൽകിയ അഷ്വറൻസുണ്ട്. അത് സമയബന്ധിതമായി ചെയ്യാൻ ചെറുവിരൽ അനക്കിയിട്ടില്ല. ജീവിക്കാൻ നിവൃത്തിയില്ലാതെ കുട്ടനാട്ടിൽ നിന്നും കുഞ്ഞുകുട്ടികളെയുമെടുത്ത് കർഷകർ

പലായനം ചെയ്യുകയാണ്, അവിടെനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും വലിയ നെല്ലറയിൽ നിന്നും കാർഷിക വൃത്തികൊണ്ട് ജീവിക്കാൻ കഴിയുന്ന സാഹചര്യമില്ലാതെ പലായനം ചെയ്യുകയാണ്. അതാണ് കേരളത്തിലെ കർഷകരുടെ അവസ്ഥ. ഏത് കാർഷിക മേഖല പരിശോധിച്ചാലും വളരെ ദയനീയമായ അവസ്ഥയാണ്. ഈ ഗവൺമെന്റ് ഗൗരവത്തോടുകൂടി ഈ വിഷയങ്ങളെ കാണുന്നില്ലെന്ന് തന്നെ ഞാൻ പറയും. അതാണ് ഞങ്ങൾ ഇവിടെ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. ഈ വിഷയത്തെ ഗൗരവമായി കാണുകയും അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും വേണം. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പല കാര്യങ്ങളും ചെയ്യാനുണ്ട്. അതിനൊന്നും ഒരു തർക്കവുമില്ല.

റബ്ബർ ബോർഡാണ് കേരളത്തിലെ റബ്ബർ കൃഷിയെ ഇത്രമാത്രം വളർത്തിയത്. ഇപ്പോൾ നോർത്ത് ഈസ്റ്റിലേയ്ക്ക് പതിനായിരകണക്കിന് ഏക്കർ പ്ലാന്റേഷൻ മാറ്റി കേരളത്തിലേയ്ക്കുള്ള റബ്ബർ ബോർഡിന്റെ പ്രോജക്ടുകൾ മുഴുവൻ ഇല്ലാതായി. small growers-നും large growers-നും ഉണ്ടായിരുന്ന സംഭവങ്ങളാണ്.

<u>മി.സ്പീക്കർ</u>: പ്ലീസ്, പ്ലീസ്, രണ്ട് മിനിറ്റ് എക്സീഡ് ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: ഞങ്ങൾക്കിത് പറയാതെ പോകാൻ സാധിക്കില്ല. അങ്ങ് അങ്ങനെ പറയരുത്. ബഹുമാനപ്പെട്ട മന്ത്രി എത്രനേരം സംസാരിച്ചു. അദ്ദേഹം ചുരുക്കി പറഞ്ഞിരുന്നെങ്കിൽ എനിക്ക് മറുപടി പറയേണ്ടി വരുമായിരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ ആദ്യത്തെ പ്രസംഗം വളരെ കുറച്ചായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: പ്ലാന്റേഷൻ ക്രോപ്സ് ചെയ്തിരുന്നവരാണ് പണ്ട് ഓഡി കാറും ബി.എം.ഡബ്ല്യൂ.വുമൊക്കെ വാങ്ങിയിരുന്നത്. ഇപ്പോൾ ടീ പ്ലാന്റേഷന്റെയും കോഫി പ്ലാന്റേഷന്റെയും സ്ഥിതി എന്താണ്? അതിൽ നിന്നും ആളുകൾ പോകുകയാണ്. അവർ സർക്കാരിനുമുമ്പിൽ കുറേ കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അത് നമ്മളോടും പറഞ്ഞിട്ടുണ്ട്. നമുക്ക് അതുകൂടി നിലനിർത്തേണ്ടേ? ഇതൊക്കെ കേരളത്തിന്റെ ഇക്കോണമിയെ ബാധിക്കുന്ന ഗൗരവതരമായ വിഷയമാണ്. നമുക്ക് അന്നമൂട്ടുന്ന നെൽ കർഷകരുൾപ്പെടെയുള്ള കേരളത്തിലെ കർഷകരോട് ഈ സർക്കാർ കാണിക്കുന്ന ക്രൂരമായ അവഗണനയിൽ അതിശക്തിയായി പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കഴിഞ്ഞ രണ്ട് ദിവസങ്ങളിലും അടിയന്തരപ്രമേയം ചർച്ച ചെയ്തിരുന്നു. അതുപോലെ പ്രാധാന്യമുള്ള വിഷയമാണ് കൃഷിക്കാരുടെ പ്രശ്നവും. കേന്ദ്ര നയവും അണു കുടുംബവും കായിക അദ്ധ്വാനത്തിനുള്ള മടിയുമാണ് കൃഷിയെ ഇന്നത്തെ നിലയിൽ എത്തിച്ചതെന്ന് ബഹു. മന്ത്രി മറുപടിയിൽ വ്യക്തമാക്കിയിരുന്നു. കൃഷി വളരെ ദയനീയമായ അവസ്ഥയിലാണെന്ന് അദ്ദേഹം തന്നെ പറഞ്ഞു. കൃഷിക്കാർ വളരെ കഷ്ടതയിലാണെന്ന മുഖവുര പറഞ്ഞുകൊണ്ട് അദ്ദേഹം ദീർഘ സമയമെടുത്ത് ബഡ്ജറ്റിലെ ഫണ്ട് ചെലവഴിച്ച കണക്കും മറ്റും സൂചിപ്പിച്ചു. എന്നാൽ അതുകൊണ്ട് ഒരു കാര്യവുമില്ല. കാർഷിക മേഖല ഇന്ന് പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നാളികേര കർഷകരും നെൽ കർഷകരും അനുദിനമുള്ള വാർത്തയുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ കൃഷിക്കാരുടെ സ്ഥിതി ദയനീയമാണെന്ന് എല്ലാവർക്കും അറിയാം.

അതിനാൽ ഇതിൽനിന്നും മാറിചിന്തിക്കേണ്ട അവസ്ഥ സംജാതമാകും. മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ ഇപ്പോൾ ഇവിടെയില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്തുണ്ടായിരുന്ന വരുമാനം പോലും ഇന്ന് കൃഷിക്കാർക്കില്ല. കൃഷിക്കാർക്ക് വരുമാനം ഉറപ്പുവരുത്തുകയും അവരെ സംരക്ഷിച്ച് നിർത്തുകയും ചെയ്യണം. വികസനത്തിനും റോഡിനും മറ്റുമായി നെൽവയൽ നികത്തുന്നതുമൂലം ഭൂവിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ കുറച്ച് കാലം കഴിഞ്ഞാൽ കൃഷിയുണ്ടാവില്ല. മുതൽമുടക്കുന്ന തുക പോലും കർഷകർക്ക് തിരികെ ലഭിക്കാത്തതിനാൽ അവർ കാർഷിക രംഗം വിട്ടുകൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ ബഡ്ജറ്റിൽ ഒരുപാട് വാഗ്ദാനങ്ങളുണ്ട്. ബ്രാൻഡ് കോഫി ഇറക്കുമെന്ന് പറയുന്നുണ്ട്. കാപ്പി കൃഷി ഒരു നിലയ്ക്കും മുതലാകാത്ത സ്ഥിതിയാണ്. റബ്ബർ കർഷകർക്കും ജീവിക്കാനുള്ള വരുമാനം ലഭിക്കുന്നില്ല. തമിഴ്നാട്ടിലെ കങ്കായത്തുള്ള ഓയിൽ

കമ്പനികൾക്കും ചെറുകിട വ്യവസായങ്ങൾക്കുമാവശ്യമായ തേങ്ങ മുമ്പ് നൽകിയിരുന്നത് കേരളമാണ്. ഇന്ന് കർണ്ണാടയിൽനിന്നും തമിഴ്നാട്ടിൽ നിന്നുമാണ് അവിടേയ്ക്ക് തേങ്ങ എത്തുന്നത്. തേങ്ങയുടെ വലിയ ഉത്പാദകർ എന്ന സ്ഥാനം കേരളത്തിന് നഷ്ടമാകുകയാണ്. ഈ തകർച്ചയും കർഷകർ കാർഷിക രംഗം തന്നെ ഒഴിവാക്കി പോകുന്ന അവസ്ഥയും ഉൾപ്പെട്ട വിഷയമാണ് ഇവിടെ ചർച്ച ചെയ്യേണ്ടിയിരുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. കൃഷിക്കാരുടെ ദയനീയ സ്ഥിതി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. നെൽകർഷകരെക്കുറിച്ചുള്ള വാർത്തകൾ അനുദിനം വരുന്നുണ്ട്. ഇനി വളരെക്കുറച്ച് തുക മാത്രമാണ് നൽകാനുള്ളതെന്ന് എന്ത് കണക്കിന്റെ അടിസ്ഥാനത്തിലാണ് ബഹു. മന്ത്രി പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. കർഷകരുടെ ദയനീയ സ്ഥിതി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, കേരളത്തിന്റെ മുഖ്യ കാർഷിക ഉൽപ്പന്നങ്ങളായ റബ്ബർ, നാളികേരം, നെല്ല് എന്നിവയെല്ലാം വലിയ പ്രതിസന്ധി നേരിടുകയാണ്. അത് മന്ത്രിയും അംഗീകരിക്കുന്നതാണ്. വളരെ ചെറിയ തോതിൽ മാത്രമേ തേങ്ങ സംഭരിക്കുന്നുള്ളൂ. സംഭരണ കേന്ദ്രങ്ങൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു. ചുരുക്കം കർഷകർക്ക് മാത്രമേ അതിന്റ പ്രയോജനം കിട്ടുന്നുള്ളൂ. തെങ്ങിൽനിന്നും തേങ്ങ ഇടീക്കാൻപോലും പറ്റാത്ത നിലയിൽ നാളികേര കർഷകർ പ്രതിസന്ധിയിലാണ്. 34 രൂപ ആക്കിയെന്നുള്ളത് നല്ല കാര്യമാണ്. എന്നാൽ സംഭരിക്കുന്നത് വളരെ ചുരുങ്ങിയ അളവിൽ മാത്രമാണ്. വെട്ടുകൂലി പോലും കൊടുക്കാൻ സാധിക്കാത്ത നിലയിൽ റബ്ബറിന്റെ വില ഇടിഞ്ഞിരിക്കുകയാണ്. റബ്ബർ

കർഷകർക്ക് കൈത്താങ്ങ് കൊടുക്കാൻ കഴിയുന്നില്ല. റബ്ബർ കർഷകരും പ്രതിസന്ധിയിലാണ്. നെൽ കർഷകർക്ക് സംഭരണവില ലഭിക്കുന്നതിനായി ഇത്രയും കാലം കാത്തിരിക്കേണ്ട സ്ഥിതി ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഈ വിഷയങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കാർഷിക മേഖലയിൽ പ്രതിസന്ധിയുണ്ടെന്ന് ബഹു. മന്ത്രി തന്നെ സഭയിൽ സൂചിപ്പിച്ചു. കാലാവസ്ഥ വ്യതിയാനമടക്കം അണു കുടുംബങ്ങളിലേയ്ക്ക് വരെയാണ് അദ്ദേഹത്തിന്റെ സംസാരം എത്തിയത്. ഇത്തരത്തിലുള്ള പ്രതിസന്ധികൾ ഉള്ളപ്പോഴും ഇടപെടേണ്ട മേഖലകളിൽ സർക്കാർ ഇടപെടുന്നില്ല എന്നതാണ് ഞങ്ങൾ പ്രധാനമായും ഉന്നയിച്ച ആക്ഷേപം. നെല്ല് സംഭരണത്തിന്റെ തുക നൽകുന്നത് അനന്തമായി നീണ്ടുപോകുന്നു.

അതോടൊപ്പംതന്നെ കർഷകർ ഇടനിലക്കാരുടെയും സ്വകാര്യ കമ്പനികളുടെയും ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യങ്ങളുണ്ടാകുന്ന അപകടകരമായ നിലയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. റബ്ബറിന്റെ ഇൻസെന്റീവ് ഫെബ്രുവരി മാസത്തിനുശേഷം നൽകിയിട്ടില്ല. സാങ്കേതിക പ്രശ്നനങ്ങളുടെ പേരിൽ, സൈറ്റ് ഓപ്പണാകുന്നില്ല എന്നാണ് പറയുന്നത്. കഴിഞ്ഞ എട്ട് മാസമായിട്ടും ഈ സങ്കേതിക പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. റബ്ബറിന്റെ ഉൽപ്പാദന ചെലവ് വർദ്ധിച്ചിരിക്കുന്നു. റബ്ബർ കർഷകർക്ക് സമയബന്ധിതമായി തുക ലഭിക്കുന്നില്ല. ഇൻസെന്റീവിന് വേണ്ടിയുള്ള പുതിയ അപേക്ഷകൾ സ്വീകരിക്കാത്ത സാഹചര്യമുണ്ടാകുന്നു. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഹോർട്ടികോർപ്പിന്റെ അവസ്ഥ ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ കർഷകരിൽനിന്ന് പച്ചക്കറികൾ സംഭരിക്കുമെന്നതാണ് അവരുടെ എറ്റവും പ്രധാനപ്പെട്ട ആശയം. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറികൾ വാങ്ങിച്ച് ഇവിടെ വിൽപ്പന

നടത്തുന്ന സ്ഥിതിയിലേയ്ക്ക് വന്നിരിക്കുകയാണ്. ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത് പൂർണ്ണമായും സംസ്ഥാനത്ത് നിന്നല്ല. അതിന്റെ തെളിവുകൾ നൽകാൻ തയ്യാറാണ്. ഹോർട്ടികോർപ്പ് തമിഴ്നാട്ടിൽ നിന്ന് പച്ചക്കറികൾ സംഭരിച്ച് ഇവിടെ വിൽക്കുമ്പോൾ കർഷകർക്ക് യാതൊരു പ്രായോജനവുമുണ്ടാകുന്നില്ല. നാളികേര സംഭരണത്തിന് മൊബൈൽ സംഭരണ കേന്ദ്രങ്ങൾ നൽകുമെന്ന പ്രഖ്യാപനവും ഇതുവരെ നടപ്പിലായിട്ടില്ല. നമ്മുടെ പ്രദേശത്തൊന്നും എത്തിയിട്ടില്ല. അതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിന്റെ അന്നദാതാക്കളായ കുട്ടനാട്ടിലെയും പാലക്കാട്ടെയും നെൽകർഷകരോട് കടുത്ത അനീതിയാണ് സർക്കാർ കാണിക്കുന്നത്. നെല്ലിന്റെ വില ലഭിക്കുന്നതിനായി

നെട്ടോട്ടമോടുന്ന കർഷകരെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പച്ച തേങ്ങ സംഭരണം കാര്യമായി നടക്കുന്നില്ല. നാളികേര കർഷകരും ദുരിതത്തിലാണ്. ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സഭാ രേഖകളിൽ തെറ്റായിട്ടുള്ള ചില കണക്കുകളുണ്ടാകും എന്നതുകൊണ്ടാണ് അതിന്റെ വസ്തുത ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. ബഹു. പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചപ്പോൾ 600 കോടി രൂപയിൽ അധികം കൊടുക്കാനുണ്ടെന്നാണ് ആവർത്തിച്ച് പറഞ്ഞത്. കേരളത്തിൽ കഴിഞ്ഞ സീസണിൽ 250373 കർഷകരിൽ നിന്നായി 2,070.71 കോടി രൂപയുടെ നെല്ലാണ് സംഭരിച്ചത് എന്നതാണ് വസ്തുത. അതിൽ 240570

കർഷകർക്ക് 1,979.15 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി 9000-ഓളം കർഷകർക്ക് പണം കൊടുത്തുകൊണ്ടിരിക്കുകയാണ്. ബാങ്കിന്റെ നടപടിക്രമങ്ങളിലുണ്ടാകുന്ന സ്വാഭാവിക കാലതാമസമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായുണ്ടായ സംഭവമെന്നാണ് പറഞ്ഞത്. നേരത്തെ ബഹു. പ്രതിപക്ഷനേതാവ് അന്നത്തെ കൃഷി വകുപ്പുമന്ത്രിയെ തള്ളിപ്പറഞ്ഞുവെങ്കിലും 2014 ജൂൺ 19-ന് ഈ സഭയിൽതന്നെ ആറ് മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ടെന്ന് സമ്മതിച്ചുകൊണ്ടുള്ള അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ മറുപടിയുണ്ട്. ഇതെല്ലാം വസ്തുതകളാണ്. സാങ്കേതികമായ ചില തടസ്സങ്ങളുണ്ടായെങ്കിലും ഗവൺമെന്റ് ഫലപ്രദമായ ഇടപെടൽ നടത്തിയെന്നത് വസ്തുതയാണ്. അടുത്ത സീസണിലേയ്ക്കായി 36398 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കർഷകർ കൃഷി ഉപേക്ഷിച്ചെന്നുള്ള തെറ്റിദ്ധാരണയും ഭീതിയും പരത്തുന്ന പ്രസ്താവനകളാണ് ഇവിടെ കേട്ടത്. അതുകൊണ്ടാണ് ഇക്കാര്യം ഞാൻ സൂചിപ്പിച്ചത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അടിയന്തരപ്രമേയം ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ സാധാരണ ക്രമപ്രശ്നം

ഉന്നയിക്കാറില്ല എന്ന് അങ്ങ് ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ സഭയ്ക്കകത്ത് ഒരു പ്രശ്നം ഉയരുമ്പോൾ അത് തിരുത്തേണ്ടതോ വ്യക്തത വരുത്തേണ്ടതോ ആണെങ്കിൽ ഏത് സംവിധാനമാണ് ഉപയോഗിക്കാൻ കഴിയുന്നത്; പ്രതിപക്ഷം സഭയിൽനിന്നും ഇറങ്ങിപ്പോയതിനുശേഷമാണ് അങ്ങ് ഞങ്ങൾക്ക് അനുമതി നൽകുന്നത്. 1974-ലെ റൂളിംഗിൽ പറയുന്നത്, അടിയന്തരപ്രമേയത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയതിനുശേഷം അതുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്യുന്നത് ക്രമപ്രകാരമല്ല എന്നാണ്. ഇറങ്ങിപ്പോയതിനുശേഷം പിന്നീട് ആ പ്രശ്നം ഉന്നയിക്കാൻ പാടില്ലെന്ന് നേരത്തേ റൂളിംഗ് ഉള്ളതുകൊണ്ട് ഇത് നടക്കുന്ന സന്ദർഭത്തിൽ തന്നെ തെറ്റായ കാര്യങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അത് അങ്ങ് പരിശോധിച്ച് ഒരു ക്രമീകരണമുണ്ടാക്കുന്നത് ഉചിതമായിരിക്കും.

<u>മി. സ്പീക്കർ</u>: ഇവിടെ precedence അങ്ങനെയാണ്. സാധാരണഗതിയിൽ പ്രസംഗിക്കുന്ന അംഗം yield ചെയ്തില്ലെങ്കിൽ ഇടപെട്ട് സംസാരിക്കാൻ സാധിക്കില്ല. ആരാണോ സംസാരിക്കുന്നത് അവർ yield ചെയ്താൽ മാത്രമേ സംസാരിക്കാൻ കഴിയുകയുള്ളൂ. അതുമാത്രമല്ല ഇവിടത്തെ

precedence അടിയന്തരപ്രമേയാവതരണ സമയത്ത് സാധാരണ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ല എന്നതാണ്. Precedence ആണ് ഇവിടെ പാലിച്ചുപോകുന്നത്.

(ശ്രദ്ധക്ഷണിക്കൽ)